KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. MARCH 2024. ₹5.00
VOL. 04 - ISSUE NO. 13 - DATE OF PUBLICATION 25TH MARCH, 2024 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24

# നിങ്ങൾ വിശ്വസിക്കുന്നത് നിങ്ങൾ ആയിത്തീരുന്നു.




03
വികസനത്തിലെ വെല്ലുവിളി

05
സംരംഭക വർഷം പദ്ധതി
രണ്ടാം വർഷവും ചരിത്രനേട്ടത്തിലേക്ക്

07
എം.എസ്.എം.ഇ. മേഖലയുടെ വളർച്ചയ്ക്ക്
സഹകരണ ബാങ്കുകളുടെ പങ്ക് നിർണ്ണായകം

08
ജി.എസ്.ടി. യും മാർച്ച് മാസവും
ബിസിനസ്സ്കാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

11
വ്യവസായികൾക്കുള്ള
ഗ്രൂപ്പ്ഹെൽത്ത് ഇൻഷുറൻസ് പോളിസികൾ

12
ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ;
സംരംഭക മേഖലയിലെ മികവിനുള്ള
അവാർഡുകൾ വിതരണം ചെയ്തു

16
ചരിത്രം ആവർത്തിച്ച് സംരംഭക വർഷം 2.0
തുടർച്ചയായ രണ്ടാം വർഷവും
ഒരു ലക്ഷം സംരംഭങ്ങൾ

17
കേരള ബജറ്റ്: കുതിച്ച് ഉയർന്ന് വ്യവസായവും


FREEPIK



Invest Kerala
NATURE. PEOPLE. INDUSTRY.
KSIDC
Government of Kerala
MISSION 1000:
A HELPING HAND FOR ENTREPRENEURS.
ATTRACTIVE PACKAGES:
Capital Investment Subsidy up to ₹2 Cr
Interest subsidy up to ₹50 lakh on working capital
DPR preparation assistance up to ₹1 lakh per enterprise
One-to-one handholding by assigning an officer from the Industries Department
Follow us on: /InvestKeralaOfficial /invest_kerala
www.invest.kerala.gov.in

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. Ph : 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS FOR THE YEAR 2022-2024**

**STATE PRESIDENT**
**A. Nizarudeen**
Naz Wood Industries, T.K.M.C.P.O.,
Karicode, Kollam - 05. Mob: 94477 10078
Email: nazwoodind@gmail.com

**GENERAL SECRETARY**
**P.J. Jose**
Pallipadan Enterprises, Marottichuvadu, Edapally,
Cochin - 682 024. Mobile: 98460 53553
Email: info@manoramasalescorporation.com

**STATE VICE PRESIDENTS**

**SOUTH ZONE**
**A. Fasiludeen**
Travancore New Tech Interlock Bricks,
Pulimath, Karette, Trivandrum - 695 612.
Mob: 94007 04000, Email: fthoppil@yahoo.com

**CENTRAL ZONE**
**Abraham Kuriakose**
Perfect Crumbs,
Amayannoor P.O., Kottayam - 686 019.
Mob: 94470 43445, Email: perfectcorp@yahoo.com

**NORTH ZONE**
**A.V. Sunilnath**
Ferrero Vinyil Technologies (Pvt) Ltd, 7/342,
Kolathra P.O., Kozhikode - 673 655.
Mob: 93497 44145,
Email: sunilnath@walkaroogroup.com

**STATE TREASURER**
**Joseph Paikada**
Indo-Malabar Foods (P) Ltd, N.H. Road, Kanhirangad,
Taliparamba, Kannur - 670 142.
Mob: 94972 24422, Email: josephpaikada@gmail.com

**STATE JOINT SECRETARIES**
**V.K. Harilal** (South Zone)
Venice Coir Company, I D Plot, Vadackal P.O.,
Alappuzha - 688 003. Mob: 98472 30058

**B. Jayakrishnan** (Central Zone)
Toyo Rubbers, Kumaramangalam P.O., Thodupuzha.
Mob: 94473 30569

**George Mundakkal** (North Zone)
Paulson Fertilizers, Kalluvayal, Sulthan Bathery P.O.,
Wayanad. Mob: 94472 95110

**EDITORIAL BOARD**
**Chief Editor**
**S. Salim**
Mobile: 93873 05751
Email: md@unicornplywoods.com

**MEMBERS**

| | |
|---|---|
| A. Nizarudeen | Mob: 94477 10078 |
| P. J. Jose | Mob: 98460 53553 |
| Rajesh. G | Mob: 98957 03837 |
| Thomas Mathew | Mob: 94470 46411 |

**PRINTER & PUBLISHER**
**K.P. Ramachandran Nair**
Mobile: 94470 17899

---

**PRINTING, COVER DESIGN & LAYOUT**
Rajsree Industrial Printer, Edayar.

**KSSiA NEWS**
www.kssia.com
വ്യവസായ മാസിക
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION MARCH 2024 ₹ 5.00

## എഡിറ്റോറിയൽ

# വികസനത്തിലെ വെല്ലുവിളി



സാമ്പത്തികം തന്നെയാണ് എന്നും, ഏത് സർക്കാരിന്റെയും മുന്നിലുള്ള വെല്ലുവിളി. ആ ബോധ്യത്തിലാണ് കേരള സർക്കാർ, വ്യവസായ വികസനത്തിന് അതീവ പ്രാധാന്യം നൽകുന്നത്.

ഇന്ന് പല വികസന കാര്യങ്ങളിലും കേരളം വികസിത രാജ്യങ്ങൾക്കൊപ്പമാണ്. ജീവിത സൗകര്യം, സമാധാന മായ മരണം, ശിശു പിറവിയിലെ മരണനിരക്കിന്റെ കുറവ്, ആൺ പെൺ അനുപാതം, തൊഴിൽ മേഖലയിലെ കൂലി നിരക്ക് വിദേശ നാണയത്തിന്റെ വരവ് തുടങ്ങിയുള്ള നേട്ടങ്ങൾ എന്നിവ ഇന്ത്യൻ ശരാശരിയേക്കാൾ വളരെ ഉയരത്തിലാണ്.

ഇക്കാര്യങ്ങൾ ഹ്യൂമൻ ഡെവലപ്മെൻറ് ഇൻഡക്സ്, യു.എൻ. എടുത്തുപറയുന്നുണ്ട്. ആരോഗ്യ, വിദ്യാഭ്യാസ, ദേശ പുരോഗതി നടപ്പിലാക്കാൻ ധനം മാത്രമാണ് വഴി. അത് വരാനുള്ള വഴിതെളിക്കുന്നതിൽ പ്രാധാന്യം വ്യവസായങ്ങൾക്ക് തന്നെയാണ്.

വ്യവസായ വികസനത്തിൽ സർക്കാർ അതീവ താല്പര്യത്തോടെ ഉത്സാഹിക്കുന്നതിൽ നമുക്ക് പ്രതീക്ഷ വയ്ക്കാം. പക്ഷേ അങ്ങനെ പ്രതീക്ഷ വയ്ക്കുമ്പോൾ ആദ്യം നാം മന സ്സിലാക്കേണ്ടത് സർക്കാർ എന്നാൽ ഭരണാധികാരികൾ മാത്രമല്ല, സർക്കാർ ശമ്പളം പറ്റുന്ന ദിവസക്കൂലിക്കാർ മുതൽ ഉന്നത ഉദ്യോഗസ്ഥർ വരെയുള്ളവർ ഭരണത്തിന്റെ ഭാഗമാണ്. അടിത്തട്ടുകാർ മുതൽ മേലെ തട്ടു വരെയുള്ള എല്ലാ ഉദ്യോഗസ്ഥരും സർക്കാരിൽ നിന്നും പ്രതിഫലം പറ്റുന്ന സകലരും ഒരുമിച്ച് ചേർന്നാൽ മാത്രമേ ഒരു ദേശത്തിന് വികസന പ്രവർത്തനങ്ങൾ വിജയകരമായി ചെയ്യാൻ കഴിയു. എങ്കിലേ ധനം വരുന്ന സ്രോതസ്സുകൾ വികസിപ്പിക്കാനും കഴിയും. ഇപ്പോൾ നമ്മുടെ ഖജനാവ് കാലിയായി തുടങ്ങിയിരിക്കുന്നു. ഇവിടെയാണ് എം.എസ്.ഇ. പോലുള്ള സ്വകാര്യ വ്യക്തികളുടെ വികസനത്തിന്റെ പ്രസക്തി വർദ്ധിക്കുന്നത്.

എല്ലാ ഉദ്യോഗസ്ഥരെയും പെൻഷൻക്കാരെയും ബാധിക്കുന്ന ഒരു പ്രശ്ന മായും, വികസനം മുടങ്ങുന്ന അവസ്ഥയിലേക്കും ഈ സാമ്പത്തിക ഇല്ലായ്മ നമ്മുടെ മുന്നിൽ ഉയരുന്നു. ഇത് എപ്പോൾ വേണമെങ്കിലും സംഭവിക്കാവുന്ന ഒരു അവസ്ഥയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. ഉദ്യോഗസ്ഥർ ചട്ടപടിയുള്ള ജോലിയിൽ നിന്ന്, സമർപ്പണബോധത്തോടെ പണിയെടുക്കേണ്ടുന്ന ഒരു അടിയന്തര സാഹചര്യമാണ്. ഇവിടെയാണ് സ്വകാര്യ വ്യവസായങ്ങകളുടെ പ്രസക്തിയും വർദ്ധിക്കുന്നത്. ഇതിൽ എളുപ്പവഴിയും സൂക്ഷ്മ ചെറുകിട വ്യവസായികളെ പ്രോത്സാഹിപ്പിക്കുക എന്നത് തന്നെയാണ്. സർക്കാർ മേഖലയെക്കാൾ വരുമാന മുണ്ടാക്കാൻ സ്വകാര്യ വ്യവസായികൾക്ക് കഴിയും എന്നത് നിഷേധിക്കാനാവാത്ത സത്യമാണ്. അവിടെ സമയമല്ല പണിയെടുക്കുന്നത്, ആവശ്യമനുസരിച്ചാണ്. സ്വകാര്യ ഉടമകളുടെ നഷ്ടത്തിന്റെ ഭയം അവരെയും ഉത്സാഹികളാക്കുന്നു. ഒരാൾ വ്യവസായം തുടങ്ങാൻ ആഗ്രഹിച്ചാൽ ഉദ്യോഗസ്ഥരും രാഷ്ട്രീയ, സാമൂഹിക, പ്രവർത്തകരും, പരിസരവാസികളും വ്യവസായം തുടങ്ങുന്നത് അയാളുടെ ലാഭത്തിനു വേണ്ടിയല്ലേ എന്ന ചിന്ത മാറ്റി ദേശത്തിന്റെയും നാടിന്റെയും രാജ്യത്തിന്റെയും വികസനത്തിന്റെ ആവശ്യമാണ് എന്ന് കണ്ട് അങ്ങോട്ട് പോയി പ്രോത്സാഹിപ്പിക്കേണ്ടതാണ്. പൊതുസമൂഹം ഇങ്ങനെ ചിന്തിച്ചു തുടങ്ങണം എന്ന ഒരു അഭ്യർത്ഥനയോടെ,

**എസ്. സലിം**
**ചീഫ് എഡിറ്റർ**



# എല്ലാം ശരിയാകും

# സർട്ടിഫിക്കേഷൻ ശരിയാണെങ്കിൽ

ഭക്ഷ്യ ഉൽപാദക സ്ഥാപനങ്ങൾ, ഭക്ഷ്യ സംസ്കരണ കമ്പനികൾ, ഹോട്ടൽ, കാറ്ററിംഗ് സ്ഥാപനങ്ങൾ, എക്സ്പോർട്ടിംഗ് എന്നിങ്ങനെ ചെറുകിട, ഇടത്തരം ബിസിനസുകൾ ഉൾപ്പെടെ ഭക്ഷ്യ വിതരണ ശൃംഖലയിലെ എല്ലാ തരത്തിലുമുള്ള ബിസിനസുകൾക്കും ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കേഷൻ ബാധകമാണ്

കൂടുതൽ വിവരങ്ങൾക്ക്

**NATIONAL CENTRE FOR HACCP CERTIFICATION**

2, Vidhya Nagar, Opposite Police Ground,
Thycaud P.O., Thiruvananthapuram - 695014.
Tel: +91 471-2321882 Fax: +91 471-2322883
Email: info@haccpindia.org
www.haccpindia.org

## പ്രസിഡൻഷ്യൽ റിപ്പോർട്ട്



# സംരംഭക വർഷം പദ്ധതി രണ്ടാം വർഷവും ചരിത്രനേട്ടത്തിലേക്ക്: സർക്കാരിനും വ്യവസായ വകുപ്പിനും അഭിമാനകരം

വ്യവസായ വകുപ്പ് ആവിഷ്കരിച്ച സംരംഭകവർഷം പദ്ധതിയിൽ തുടർച്ചയായ രണ്ടാം വർഷവും സംസ്ഥാനത്ത് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിച്ചു. സംരംഭക വർഷം–2 പദ്ധതിയിൽ 11 മാസത്തിനിടെ 1,00,026 സംരംഭങ്ങളാണ് ആരംഭിച്ചത്. ഇതുവഴി 6,712 കോടിയുടെ നിക്ഷേപവും, 2,09,735 തൊഴിലും സൃഷ്ടിക്കാൻ സാധിച്ചു. 2 വർഷം കൊണ്ട് 2,39,922 സംരംഭങ്ങൾ തുടങ്ങി. 15,138.05 കോടിയുടെ നിക്ഷേപവും, 5,09,935 തൊഴിലവസരങ്ങളും ഇതുവഴി ഉണ്ടായി. സംരംഭങ്ങളിൽ 76,377 എണ്ണം വനിതാ സംരംഭങ്ങളാണ്. എസ്.സി. വിഭാഗത്തിലുള്ള 9,359 പേരും, എസ്.ടി. വിഭാഗത്തിൽ 775 പേരും, സംരംഭങ്ങൾ ആരംഭിച്ചു. 26 എണ്ണം ട്രാൻസ്ജെന്റർമാരുടേതാണ്. എറണാകുളം, കൊല്ലം, തിരുവനന്തപുരം, മലപ്പുറം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലാണ് ഏറ്റവും കൂടുതൽ സംരംഭങ്ങൾ ആരംഭിച്ചത്. എം.എസ്.എം.ഇ. മേഖലയിലെ ബെസ്റ്റ് പ്രാക്ടീസിനുള്ള ദേശീയ പുരസ്കാരം സംരംഭകവർഷം പദ്ധതിക്ക് ലഭിച്ചിരുന്നു. സംരംഭങ്ങൾക്കായി എല്ലാ പഞ്ചായത്തുകളിലും ഇന്റേൺസിനെ നിയമിക്കുകയും, ഹെൽപ് ഡെസ്ക്കുകൾ ആരംഭിക്കുകയും ചെയ്തത് സംരംഭകർക്ക് ഗുണകരമായി. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകളും രൂപികരിച്ചിട്ടുണ്ട്. 4% പലിശയ്ക്ക് 10 ലക്ഷം രൂപവരെ വായ്പ ലഭ്യമാക്കുന്ന പ്രത്യേക പദ്ധതിയും സർക്കാർ ആവിഷ്കരിച്ചതുകൊണ്ട് 15% സംരംഭങ്ങളെ സംരക്ഷിക്കാനായി. വർഷം 100 എം.എസ്.എം.ഇ. സംരംഭങ്ങൾ ആരംഭിക്കുന്നതിൽ അടച്ചു പൂട്ടൽ ഭീക്ഷണി നേരിടുന്നത് ദേശീയ ശരാശരി 30 ശതമാനമാണ്. കേരളത്തിൽ ഇത് 15 ശതമാനമായി കുറയ്ക്കാനായി. 1000 സംരംഭങ്ങളെ വർഷം 100 കോടി വിറ്റുവരവുള്ളവയാക്കി മാറ്റുന്നതിന് സർക്കാർ പ്രഖ്യാപിച്ച മിഷൻ 1000 പദ്ധതിയിൽ 149 യൂണിറ്റുകളെ ഇതിനകം തിരഞ്ഞെടുത്തു. സംരംഭങ്ങൾക്ക് സുരക്ഷ ഉറപ്പു വരുത്താൻ ഇൻഷുറൻസ് പദ്ധതിയും ആവിഷ്കരിച്ചു. ഇൻഷുറൻസ് പ്രീമിയത്തിന്റെ 50 ശതമാനം സർക്കാർ നല്കും. ഇതെല്ലാം സംരംഭകർക്ക് കൂടുതൽ പ്രയോജനം ചെയ്യും.

119 നോട്ടിഫൈഡ് ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകളിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് ഉദ്യോഗസ്ഥർ നോട്ടീസ് അയച്ച് വ്യവസായികളെ ബുദ്ധിമുട്ടിക്കുകയാണ്. അനുമതികളോടെ വ്യവസായം തുടങ്ങിയ സ്ഥാപനങ്ങളെ കെട്ടിട നികുതി, പ്രൊഫഷണൽ ടാക്സ്, തൊഴിൽകരം, ലൈസൻസ് എന്നിങ്ങനെയുള്ള നോട്ടീസുകൾ അയക്കുന്ന പ്രവണത മാറ്റുന്നതിനു വേണ്ടി, ഈ കാര്യത്തിൽ സർക്കാർ വ്യക്തമായ ഒരു സർക്കുലർ ഇറക്കി ആ ഉത്തരവ് എത്രയും പെട്ടെന്ന് ഉദ്യോഗസ്ഥരിലേക്ക് എത്തിക്കേണ്ടതാണ്.

സംരംഭക വർഷം ഇത്രയും വിജയകരമാക്കാൻ വ്യവസായ വകുപ്പിന് കഴിഞ്ഞിട്ടുണ്ടെങ്കിൽ ഇതേപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിചാരിച്ചാൽ ധാരാളം സംരംഭകരുണ്ടാകും. വ്യവസായ വകുപ്പ് ലൈസൻസ് നല്കുന്നില്ല, എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളാണ് വ്യവസായങ്ങൾക്ക് ലൈസൻസ് നല്കുന്നത്. എന്നാൽ നിക്ഷേപം മുടക്കുന്നവർ തദ്ദേശ സ്വയംഭരണ വകുപ്പ് മേധാവികളെ കാണണം എന്ന ചിന്താഗതിക്കാരുണ്ട്. അതിന് പകരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റോ, വൈസ് പ്രസിഡന്റോ, സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാനോ, മുനിസിപ്പൽ ചെയർമാനോ ഓരോ പഞ്ചായത്ത് വാർഡിലും 3 മാസത്തിലൊരിക്കലെങ്കിലും സംരംഭകരെ സന്ദർശിച്ച് അവർക്ക് എന്തെങ്കിലും ആവശ്യം ഉണ്ടോയെന്ന് ആരായുകയും അവർക്ക് ആവശ്യങ്ങൾ ഉണ്ടെങ്കിൽ അത് പരിഹരിച്ചു കൊടുക്കാനുള്ള നടപടിയും സ്വീകരിച്ചാൽ സംരംഭകർക്ക് അവരുടെ സംരംഭ

നല്ല രീതിയിൽ കൊണ്ടു പോകാൻ സാധിക്കും. ചില ഉദ്യോഗസ്ഥരുടെ മനോഭാവം സംരംഭകർ ഉദ്യോഗസ്ഥരെ തേടി വരണമെന്നാണ്, എന്നാൽ ഉദ്യോഗസ്ഥർ സംരംഭകരുടെ ഇടയിൽ കയറി ചെന്ന് സംരംഭകരോട് അവരുടെ ആവശ്യങ്ങൾ ചോദിച്ച് അറിഞ്ഞ് അത് നിറവേറ്റി കൊടുക്കാനുള്ള ഒരു നടപടി ഉണ്ടായാൽ അത് തീർച്ചയായും ഒരു പാട് ഗുണകരമാകും. ഈ ഒരു മാറ്റമാണ് വ്യവസായ സംരംഭകരുടെ ഇടയിൽ വരേണ്ടത്. ജനസേവകർ എന്ന നിലയിൽ ജീവനക്കാർ സമൂലമായ മാറ്റത്തിന് തയ്യാറാവണം.

സംരംഭകർ ഉദ്യോഗ മേധാവികളെ കാണണമെന്നുള്ളതിന് പകരം സംരംഭകരെ ഉദ്യോഗസ്ഥ മേധാവികൾ സന്ദർശിക്കുന്ന കാലം അതി വിദൂരമല്ല. വ്യവസായികളോട് നിങ്ങൾക്ക് ഞങ്ങൾ എന്താണ് ചെയ്തു തരേണ്ടതെന്ന ഒരു മനോഭാവം ഉണ്ടാക്കിയെടുക്കണം. സംരംഭകരാണ് ഈ കേരളത്തിലെ നിലനില്പെന്നും, സംരംഭകരാണ് സർക്കാരിന് റവന്യു വരുമാനം കിട്ടുന്നത് സംരംഭം വഴിയാണെന്നും അതുവഴിയാണ് നമുക്ക് ശമ്പളം കിട്ടുന്നതെന്നുമുള്ള ബോധം ഉദ്യോഗസ്ഥർക്ക് ഉണ്ടായാൽ നന്നായിരിക്കും.

മേൽ പറഞ്ഞ കാര്യങ്ങൾ സർക്കാർ സംരംഭകർക്കു വേണ്ടി ചെയ്യുന്നതോടൊപ്പം സംരംഭം തുടങ്ങി അത് പ്രവർത്തിക്കാനുള്ള ഉദ്യോഗസ്ഥ തലത്തിലുള്ള പോരായ്മകൾ കൂടി പരിഹരിച്ച് സംരംഭകർക്ക് അവരുടെ വ്യവസായ സ്ഥാപനം സുഗമമായി പ്രവർത്തിപ്പിച്ചു കൊണ്ടു പോകാനുള്ള സാഹചര്യം കൂടി ഒരുക്കി കൊടുക്കേണ്ടതാണ്. അതു പോലെ, വ്യവസായ വകുപ്പും ഇന്റേൺസും കൂടി സംരംഭകരുടെ ഇടയിലേക്ക് ചെന്ന് അവരുടെ സംരംഭം നല്ല രീതിയിൽ പ്രവർത്തിക്കാനുള്ള ആവശ്യങ്ങൾ ചോദിച്ചറിഞ്ഞും, മനസ്സിലാക്കിയും അത് പരിഹരിക്കാനുള്ള ഒരു സാഹചര്യമാണ് സൃഷ്ടിച്ചെടുക്കേണ്ടത്.

അതുപോലെ കേരളത്തിൽ രണ്ടാം സംരഭക വർഷത്തിൽ 35,716 പുതിയ മാന്യുഫാക്ചറിങ്ങ് സംരംഭങ്ങളാണ് ഉടലെടുത്തത്. ഈ സാഹചര്യത്തിൽ വ്യവസായ വകുപ്പിന്റെയും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും സഹായത്തോടു കൂടി എല്ലാ ജില്ലകളിലും കെ.എസ്.എസ്.ഐ.എ. യുടെ മെമ്പർഷിപ്പ് വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ കെ.എസ്.എസ്.ഐ.എ. ജില്ലാ ഭാരവാഹികളോട് അഭ്യർത്ഥിക്കുകയാണ്. ■

**എ. നിസാറുദ്ദിൻ**
**സംസ്ഥാന പ്രസിഡന്റ്**



വോയിസ് ഓഫ് ജനറൽ സെക്രട്ടറി



# എം.എസ്.എം.ഇ. മേഖലയുടെ വളർച്ചയ്ക്ക് സഹകരണ ബാങ്കുകളുടെ പങ്ക് നിർണ്ണായകം

സംസ്ഥാനത്തിലെ സാമൂഹ്യ-സാമ്പത്തിക മേഖലകളുടെ വളർച്ചയ്ക്ക് സഹകരണ പ്രസ്ഥാനങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ഗ്രാമ ഗ്രാമാന്തരങ്ങളിൽ വ്യാപിച്ചു കിടക്കുന്നതും സാധാരണക്കാരുടെ രക്ഷക്കെത്തുന്ന ഒരു ആശ്വാസ പ്രസ്ഥാനമാണ് സഹകരണമേഖല. രാജ്യത്തിന് അനുകരണീയമായ മാതൃകയാണ് കേരളത്തിലെ സഹകരണ ബാങ്കുകൾ. പൊതുമേഖല, ഷെഡ്യൂൾഡ് ബാങ്കുകളെ അപേക്ഷിച്ച് സാധാരണക്കാരുടെ നിക്ഷേപങ്ങളാണ് സഹകരണ ബാങ്കുകളുടെ മൂലധനം. സ്വതന്ത്ര ഭാരതത്തിൽ സഹകരണ മേഖലയെ സംസ്ഥാന പട്ടികയിൽ ഉൾപ്പെടുത്തിയതുകൊണ്ട് ഈ ബാങ്കുകളുടെ മേൽ സംസ്ഥാന സർക്കാരുകൾക്ക് അധികാരമുണ്ട്.

സഹകരണ ബാങ്കുകൾ ഏറ്റവും കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നത് കാർഷിക-വാണിജ്യ മേഖലയുടെ വികസനത്തെ കേന്ദ്രീകരിച്ചായിരുന്നു. ഉല്പാദന മേഖലയായ ചെറുകിട വ്യവസായങ്ങളുടെ കാര്യത്തിലുള്ള ശ്രദ്ധ ഈ അടുത്ത കാലം വരെ വളരെ പരിമിതമായിരുന്നു. എന്നാൽ ഈ അടുത്ത കാലത്ത് ഇതിന് ഒരു മാറ്റം വരികയും എം.എസ്.എം.ഇ. കളുടെ വളർച്ചയ്ക്ക് കൂടുതൽ ശ്രദ്ധ പതിയണമെന്ന ഒരു പൊതു ബോധം സഹകരണ മേഖലയിൽ വന്ന് തുടങ്ങിയെന്നത് സ്വാഗതാർഹമാണ്. എം.എസ്. എം.ഇ. മേഖലയുടെ വളർച്ച ലക്ഷ്യം മുൻ നിർത്തി സംസ്ഥാന സർക്കാർ മുന്നോട്ടു വെക്കുന്ന പദ്ധതികൾ സഹകരണ ബാങ്കുകളുടെ ഈ മാറ്റത്തിന് സഹായകരമായിട്ടുണ്ട്. പൊതുമേഖല, ഷെഡ്യൂൾഡ് ബാങ്കുകൾ കേരളത്തിൽ നിന്നും സംഭരിക്കുന്ന ധനം ഇവിടെതന്നെ വിനിയോഗിക്കാതെ അന്യ സംസ്ഥാനങ്ങളിൽ കൊണ്ടു പോകുന്ന ഒരവസ്ഥയായിരുന്നു ഈയടുത്ത കാലം വരെ. എന്നാൽ സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലുകൾ കൊണ്ട് പൊതുമേഖല ബാങ്കുകളുടെ ക്രെഡിറ്റ് ഡിപ്പോസിറ്റ് റേഷ്യോയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളത് ഒരു വസ്തുതയാണ്. 2023 അവസാന ഘട്ടത്തിലെ കണക്ക് പ്രകാരം സഹകരണ ബാങ്കുകളിലെ നിക്ഷേപം 2.50 ലക്ഷം കോടിയും 1.86 കോടി വായ്പയുമാണെന്നാണ് റിപ്പോർട്ട്. 2024 ആദ്യഘട്ടത്തിൽ തന്നെ 23,000 ൽ പരം കോടി രൂപ നിക്ഷേപമായി എത്തിയതായും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. സഹകരണ പ്രസ്ഥാനത്തിൽ ജനങ്ങൾക്കുള്ള വിശ്വാസത്തിന് ഒരു പോറൽ പോലും ഏല്പിച്ചിട്ടില്ലെന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു.

എന്നാൽ സഹകരണ മേഖലയിൽ ശുഭകരമല്ലാത്ത തെറ്റായ ചില പ്രവണതകളും കടന്നു കൂടിയിട്ടുള്ള വസ്തുതയും ലാഘവത്തോടെ നാം കാണരുത്. ഈ തെറ്റായ പ്രവണതക്കെതിരെ ശക്തമായ ശിക്ഷാ നടപടികളും ജനങ്ങളുടെ സമ്പത്ത് അവിഹിത മാർഗ്ഗത്തിലൂടെ കൈകലാക്കാൻ ആരെയും അനുവദിക്കില്ല എന്ന ശക്തമായ നടപടികൾക്ക് സർക്കാരും സഹകരണ അധികാരികളും മുന്നോട്ട് വരേണ്ടതുണ്ട്. സഹകരണ ബാങ്കുകളിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകൾ നടത്തിയവർക്കെതിരെ ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ ഇടപാടുകാരെ വിശ്വാസത്തിലെടുക്കാൻ സാധിച്ചുവെന്നതിന്റെ തെളിവാണ് സഹകരണ ബാങ്കുകളിൽ ഈ അടുത്ത കാലത്തുണ്ടായ വൻ നിക്ഷേപം സാക്ഷ്യം വഹിക്കുന്നത്. സഹകരണ ബാങ്കുകളിലെ നിക്ഷേപത്തിന് സംസ്ഥാന സർക്കാർ ഗ്യാരന്റി നില്ക്കുമെന്ന വ്യവസ്ഥയും ഇടപാടുക്കാരെ കൂടുതൽ വിശ്വാസത്തിൽ എടുക്കാൻ സഹായകരമായി.

(ശേഷം പേജ് 10-ൽ തുടർന്ന് വായിക്കുക.)



അഡ്വ. കെ.എസ്. ഹരിഹരൻ

# ജി.എസ്.ടി. യും മാർച്ച് മാസവും

## ബിസിനസ്സ്കാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ചോദ്യം: **പുതിയ സാമ്പത്തിക വർഷത്തിലേക്ക് കടക്കുമ്പോൾ ബിസിനസ്സ്കാർ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളെപ്പറ്റി ഒരു ചെറു മാർഗ്ഗരേഖ നൽകാമോ?**

**വി. മനോഹർ പ്രഭു, ഗോൾഡ്സൺ പെയിന്റ്സ്, കളമശ്ശേരി**



ഉത്തരം:

1 2023 – 24 വർഷത്തിലെ കണക്കുകൾ പ്രകാരമുള്ള ഔട്ട് വാർഡ് സപ്ലൈകൾ GSTR- 1 ഉം, GSTR-3B യുമായി റീകൺസൈൽ ചെയ്തു വയ്ക്കുക. ഏതെങ്കിലും ഇൻവോയ്സുകൾ റെക്കോർഡ് ചെയ്യാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അത് മാർച്ച് 2024 ൽ തന്നെ റിപ്പോർട്ട് ചെയ്യുക.

2 കണക്കുകൾ പ്രകാരം എടുക്കാൻ ലഭ്യമായിട്ടുള്ളതും എടുത്തു കഴിഞ്ഞതുമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് GSTR-2B/2A യും, GSTR-3B യുമായി റീകൺസൈൽ ചെയ്തു വയ്ക്കുക.

3 ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തിട്ടുള്ള ഇൻവാർഡ് സപ്ലൈകളിന്മേൽ സപ്ലയർക്ക് നൽകാനുള്ള പേയ്മെന്റ് ഇൻവോയ്സ് ഇഷ്യൂ ചെയ്ത് 180 ദിവസങ്ങൾക്കുള്ളിൽ നൽകിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക. അപ്രകാരം പേയ്മെന്റ് നടത്തിക്കഴിഞ്ഞിട്ടില്ലെങ്കിൽ ആ എടുത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റിവേഴ്സ് ചെയ്യാൻ ബാധ്യസ്ഥരാണ്. ശേഷം, സപ്ലയർക്ക് മുഴുവൻ പേയ്മെന്റും നൽകിക്കഴിയുന്ന മാസത്തിൽ ആ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാവുന്നതാണ്.

4 ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തിട്ടുള്ള എല്ലാ ഇൻവാർഡ് സപ്ലൈകളുടെയും ഇൻവോയ്സ്/ഡെബിറ്റ് നോട്ട് നമ്മുടെ കൈവശം ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

5 സി.ജി.എസ്.ടി. ആക്റ്റിന്റെ സെക്ഷൻ 16 (2)–ന്റെ ഇപ്പോഴുള്ള സ്ഥിതി പ്രകാരം ഗുഡ്സ്/സർവീസ് സപ്ലൈ ചെയ്ത സപ്ലയർ അയാളുടെ GSTR-1 ൽ ആ ഇടപാട് രേഖപ്പെടുത്തുകയും, അയാളുടെ GSTR-3B യിൽ ആ ഇടപാട് രേഖപ്പെടുത്തി നികുതിയടയ്ക്കുകയും, ആ ഇടപാട് നമ്മുടെ GSTR-2B/2A യിൽ പ്രതിഫലിപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ നമുക്ക് ആ സപ്ലൈയിന്മേൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുവാൻ അനുവാദമുള്ളു എന്നത് ഓർക്കു. സപ്ലയറുടെ GSTR-1 ലോ, GSTR- 3B യിലോ രേഖപ്പെടുത്താതെ പോയതോ നമ്മുടെ GSTR-2B/2A യിൽ പ്രതിഫലിച്ചു വരാത്തതോ ആയ ഏതെങ്കിലും സപ്ലൈയിന്മേൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുത്തിട്ടുണ്ടെങ്കിൽ ഒന്നുകിൽ സപ്ലയറെക്കൊണ്ട് അത് രേഖപ്പെടുത്തിക്കുക. അതിന് സാധിക്കാത്ത പക്ഷം ആ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റിവേഴ്സ് ചെയ്ത് പ്രശ്നം ഒഴിവാക്കുക. ഇല്ലെങ്കിൽ ഭാവിയിൽ വൻ പലിശയും പിഴയും സഹിതം ഡിപ്പാർട്ട്മെന്റ് ആ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തുക തിരിച്ച് അടപ്പിക്കുന്നതാണ്.

6 ഗുഡ്സ്/സർവീസ് സപ്ലൈ ചെയ്ത ഏതെങ്കിലും സപ്ലയർമാരുടെ ജി. എസ്.ടി. രജിസ്ട്രേഷൻ 2023–24 സാമ്പത്തിക വർഷത്തിൽ റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുക. ഏതെങ്കിലും സപ്ലയറുടെ ജി.എസ്.ടി. രജിസ്ട്രേഷൻ എന്ത് കാരണത്തിന്റെ അടിസ്ഥാനത്തിലാണെങ്കിലും റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അയാളിൽ നിന്നുള്ള ഇൻവാർഡ് സപ്ലൈകളിന്മേൽ എടുത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പലിശ സഹിതം റിവേഴ്സ് ചെയ്യാൻ വാങ്ങിയ ആൾ ബാധ്യസ്ഥരാണ്.

7 ഫിനാൻസ് ആക്റ്റ്, 2023 ലൂടെ സി.ജി. എസ്.ടി. ആക്റ്റിന്റെ സെക്ഷൻ 38–ൽ വരുത്തപ്പെട്ട മാറ്റം 1 ഏപ്രിൽ 2023 മുതൽ പ്രാബല്യത്തിലുണ്ട്. പുതിയ രൂപത്തിലുള്ള സെക്ഷൻ 38, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാനുള്ള പ്രക്രിയയ്ക്കു മേൽ കൂടുതൽ നിഷ്കർഷതകളും നിബന്ധനകളും ചുമത്തുന്നുണ്ട്. 01.04.2024 മുതൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്ന നികുതി ദായകർ ഈ മാറ്റം ശ്രദ്ധയിൽ വെച്ചു കൊണ്ട് വേണം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാൻ.

**8** 2024-25 സാമ്പത്തിക വർഷം മുതൽ ഏതെങ്കിലും നികുതി ദായകർ QRMP സ്കീം തെരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, അല്ലെങ്കിൽ QRMP സ്കീം തിരഞ്ഞെടുത്തിരിക്കുന്നവർ QRMP സ്കീമിന് പുറത്തു കടക്കാൻ താല്പര്യപ്പെടുന്നുണ്ടെങ്കിൽ, 30.04.2024 ന് മുമ്പ് അപ്രകാരമുള്ള തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. QRMP സ്കീം തിരഞ്ഞെടുക്കുന്നത് അത്രനല്ലതാണെന്നു ഈ ലേഖകന് അഭിപ്രായമില്ല. പാൻ അടിസ്ഥാനമാക്കിയുള്ള 2023-24 സാമ്പത്തിക വർഷത്തെ മൊത്തം വിറ്റുവരവ് 5 കോടിയിൽ കവിയാത്തവർക്കാണ് 2024-25 സാമ്പത്തിക വർഷത്തിൽ ഈ സ്കീമിന്റെ ആനുകൂല്യത്തിനുള്ള അർഹത.

**9** ഒന്നരകോടി രൂപയെക്കാൾ താഴെ ടേണോവറുള്ള വ്യക്തികൾ കോംപൊസിഷൻ സ്കീം. തിരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, അവർ 31 മാർച്ച് 2024 ന് മുമ്പ് തന്നെ FORM GST CMP-02 എന്ന ഫോർമാറ്റിലുള്ള അപേക്ഷ സമർപ്പിച്ച് കോംപൊസിഷൻ സ്കീം തിരഞ്ഞെടുക്കേണ്ടതാണ്.

**10** 2024-25 സാമ്പത്തിക വർഷത്തിൽ ഐ.ജി.എസ്.ടി. അടയ്ക്കാതെ ഗുഡ്സ്/സർവീസ് എക്സ് പോർട്ട് ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തികൾ 31 മാർച്ച് 2024 ന് മുമ്പ് തന്നെ ലെറ്റർ ഓഫ് അണ്ടർടേക്കിംഗ് ഓൺലൈനായി ഫയൽ ചെയ്യുക. സ്പെഷ്യൽ എക്കണോമിക് സോണുകളിലേക്ക് സെസ് ഉൾപ്പടെ ഐ.ജി.എസ്.ടി. അടയ്ക്കാതെ എക്സ്പോർട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നവർക്ക് ഇത് ബാധകമാണ്.

**11** ജി.റ്റി.എ.: ഫോർവേർഡ് ചാർജ് അടിസ്ഥാനത്തിൽ ജി.എസ്.ടി. അടയ്ക്കാൻ ആഗ്രഹിക്കുന്ന ഗുഡ്സ് ട്രാൻസ്പോർട്ട് ഏജൻസി (ജി.റ്റി.എ.) സേവന ദാതാക്കൾ, അവർ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ക്ലെയിം ചെയ്യാതെ ജി.എസ്.ടി. അടയ്ക്കാൻ താല്പര്യപ്പെടുന്നവരാണെങ്കിലും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ക്ലെയിം ചെയ്തുകൊണ്ട് ജി.എസ്.ടി. അടയ്ക്കാൻ താല്പര്യപ്പെടുന്നവരാണെങ്കിലും അപേക്ഷ മാർച്ചിൽ തന്നെ സമർപ്പിക്കേണ്ടതാണ്.

**12** ജോബ്‌വർക്കിനായി സാധനങ്ങൾ അയച്ചുകൊടുത്തിട്ടുള്ള വ്യക്തികൾ സമയാസമയം ഐ.റ്റി.സി.-04 എന്ന രേഖ സമർപ്പിക്കേണ്ടതാണ്. 5 കോടി രൂപ വരെ ടേണോവർ ഉള്ളവർ വാർഷികാടിസ്ഥാനത്തിലും, 5 കോടി രൂപയെക്കാൾ കൂടുതൽ ടേണോവർ ഉള്ളവർ അർദ്ധവർഷാടിസ്ഥാനത്തിലും ഐ.റ്റി.സി.-04 സമർപ്പിക്കേണ്ടതാണ്. വർഷം/അർദ്ധവർഷം അവസാനിച്ചതിനു ശേഷം വരുന്ന മാസത്തിന്റെ 25-ാം തിയതിയ്ക്കുള്ളിലാണ് ഐ.റ്റി.സി.-04 സമർപ്പിക്കേണ്ടത്.

**13** 2017-2018 മുതൽ 2023-2024 വരെയുള്ള സാമ്പത്തികവർഷങ്ങളിൽ ഏതെങ്കിലും ഒരു സാമ്പത്തിക വർഷത്തിൽ, ഒരു പാനിൽ രാജ്യത്താകമാനമുള്ള ജി.എസ്.ടി.രജിസ്ട്രേഷനുകളിൽ മൊത്തം വാർഷിക വിറ്റുവരവ് 5 കോടി കടന്നിട്ടുള്ള നികുതി ദായകർ നിബന്ധനകൾക്കനുസൃതമായി 2024 ഏപ്രിൽ 1 മുതൽ സാധനങ്ങളുടെയോ, സേവനങ്ങളുടെയോ സപ്ലൈയുമായി ബന്ധപ്പെട്ട എല്ലാ ബിസിനസ്-ടു ബിസിനസ് ഇടപാടുകളിൽ നിർബന്ധമായും ഇ-ഇൻവോയ്സിങ്ങ് ചെയ്യേണ്ടതാണ്. ഇ-ഇൻവോയ്സിങ്ങ് ബാധ്യതയുള്ള വ്യാപാരി ഇ-ഇൻവോയ്സിങ്ങ് നടത്തിയില്ലെങ്കിൽ, സ്വീകർത്താവിന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് അർഹതയുണ്ടാവുകയില്ല. പ്രസ്തുത പരിധിയിൽ വരുന്ന നിയമപരമായ ബാധ്യതയുള്ള എല്ലാ നികുതിദായകരും കർശനമായി ഇ-ഇൻവോയ്സുകൾ നൽകേണ്ടതും, അപ്രകാരം ചെയ്യാതിരുന്നാൽ ജി.എസ്.ടി. നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തുകയും, ശിക്ഷാ നടപടികൾ നേരിടേണ്ടി വരുകയും ചെയ്യും. സാമ്പത്തിക വർഷത്തിലെ ടേണോവർ 5 കോടി രൂപയെക്കാൾ കൂടുതൽ വന്നിട്ടുള്ള എല്ലാ വ്യക്തികളും 01.04.2024 മുതൽ നേരത്തേതുപോലെ തങ്ങളുടെ ഇൻവോയ്സുകളിൽ എച്ച്.എസ്.എൻ. കോഡ്/സർവീസ് കോഡ് രേഖപ്പെടുത്തേണ്ടതാണ്.

**14** റിവേഴ്സ് ചാർജ് മെക്കാനിസത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഇൻവാർഡ് സപ്ലൈയിന്മേൽ ജി.എസ്.ടി. അടയ്ക്കാൻ ബാധ്യത വന്നിട്ടുള്ള ഏതെങ്കിലും ഇടപാടുകൾ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുക, സർവീസുകളുടെ ഇംപോർട്ട്, അഡ്വക്കേറ്റ് ഫീസ്, ടാക്സി റെന്റൽ സർവീസ് ചാർജുകൾ വാണിജ്യാവശ്യത്തിനുവേണ്ടി വീട് വാടകയ്ക്ക് എടുത്തിട്ടുണ്ടെങ്കിൽ അതിന്റെ വാടക, തുടങ്ങിയവ റിവേഴ്സ് ചാർജ് മെക്കാനിസത്തിന്റെ അടിസ്ഥാനത്തിൽ ഒരു സ്വീകർത്താവിന് ജി.എസ്.ടി. അടയ്ക്കാൻ ബാധ്യത വരുന്ന ഇടപാടുകളാണ്. അപ്രകാരമുള്ള ഏതെങ്കിലും സപ്ലൈയിന്മേൽ റിവേഴ്സ് ചാർജ് അടിസ്ഥാനത്തിൽ ജി.എസ്.ടി. അടയക്കാൻ വിട്ടു പോയിട്ടുണ്ടെങ്കിൽ 31.03.2024 ന് മുമ്പായി അതെല്ലാം അടച്ചു തീർക്കുക.

**15** ഉപേക്ഷ വിചാരിക്കാതെ അതാത് ദിവസം കണക്കുകൾ രേഖപ്പെടുത്തി പോരുക. ഓരോ ആഴ്ചയും അതാത് ആഴ്ചയിലെ കണക്കുകൾ പുനപരിശോധന നടത്തി തെറ്റുകൾ തിരുത്തുകയും സപ്ലയർമാരിൽ നിന്നോ പർച്ചേസർമാരിൽ നിന്നോ ലഭിക്കേണ്ടതായ രേഖകൾ എന്തെങ്കിലും ബാക്കിയുണ്ടോയെന്ന് പരിശോധിച്ച് അവ സമയാസമയം വാങ്ങിവയ്ക്കുക.

**16** 01.04.2024 മുതൽ പുതിയ UNIQUE SERIES ൽ ഇൻവോയ്സ് എഴുതി തുടങ്ങേണ്ടതാണ്. ഉദാ: 001/2024-25.

**17** ഏതെങ്കിലും വ്യക്തികൾ സി.ജി.എസ്.റ്റി. ആക്റ്റിന്റെ സെക്ഷൻ 17 (5) പ്രകാരം ബ്ലോക്ക് ചെയ്യപ്പെട്ടതായ ഏതെങ്കിലും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അബദ്ധത്തിലോ തെറ്റിദ്ധാരണയുടെ പുറത്തോ എടുത്തുപോയിട്ടുണ്ടെങ്കിൽ അത് റിവേഴ്സ് ചെയ്യേണ്ടതാണ്.

**18** ജി.എസ്.ടി. യുടെ ടി.ഡി.എസ് അല്ലെങ്കിൽ റ്റി.സി.എസ് ബാധകമായവർ തങ്ങളുടെ ടേണോവർ, TDS, TCS എന്നിവ, ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ ഫോം 26 എ.എസ്. പോലുള്ള റെക്കോർഡുകളുമായി താരതമ്യം ചെയ്യുകയും ഇൻവാർഡ് സപ്ലയർമാരുടെയും ഔട്ട്‌വാർഡ് സപ്ലയർമാരുടെയും കണക്കുകളുടെ സ്റ്റേറ്റ്മെന്റ് വാങ്ങി ഒത്തു നോക്കി ഇടപാടുകൾ യഥാവിധി രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുകയും ചെയ്യണം. അതീവ ജാഗ്രതയോടെ വേണം ഈ വിഷയം കൈകാര്യം ചെയ്യാൻ.

**19** ഈ-വേ ബില്ലും ഇൻവാർഡ് സപ്ലൈയുമായും, ഔട്ട് വാർഡ് സപ്ലൈയുമായും ബന്ധപ്പെട്ട ഇടപാടുകൾ പരസ്പരം ഒത്തുനോക്കി എന്തെങ്കിലും ന്യൂനതകളുണ്ടെങ്കിൽ പരിഹരിക്കണം. ഉദാഹരണത്തിന്, 50,000 രൂപയിൽ കൂടുതൽ മൂല്യമുള്ള ഇൻവാർഡ് സപ്ലൈ കണക്കിൽ ബി ടു ബി ആയി രേഖപ്പെടുത്തിയിരിക്കുകയും ഈ-വേ ബിൽ കിട്ടിയിട്ടില്ല എന്നു വരികയും ചെയ്താൽ അതിന്റെ കാരണം അപ്പോൾതന്നെ രേഖപ്പെടുത്തി വെക്കുന്നത് ഭാവിയിൽ പ്രശ്നങ്ങൾ ഒഴിവാക്കാൻ ഉപകരിക്കും. ഈ-വേ ബിൽ ഇഷ്യൂ ചെയ്യേണ്ടിയിരുന്ന ഇടപാടിൽ ഈ-വേ ബിൽ ഇഷ്യൂ ചെയ്യപ്പെട്ടിട്ടില്ല എന്നു കണ്ടാൽ അത് ക്രമക്കേടാണ് എന്ന് ജി.എസ്.ടി. ഡിപ്പാർട്ട്മെന്റിനു വേണമെങ്കിൽ വാദിക്കാമല്ലോ. അതുകൊണ്ട് എല്ലാ രേഖകളും പരസ്പരം ഒത്തുപോകുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പാക്കി സൂക്ഷിക്കുക.

**20** ജി.എസ്.ടി. നിയമത്തിൽ നികുതിബാധ്യത കണക്കാക്കേണ്ടത് ഓരോ വ്യക്തികളും സെൽഫ്-അസെസ്സ്മെന്റ് അടിസ്ഥാനത്തിൽ ആണ്. ഇതുകൊണ്ടുതന്നെ ഓരോ വ്യക്തിയും തന്റെ ഈ കടമ കൃത്യമായി നിർവഹിച്ചിട്ടില്ല എന്ന് ഡിപ്പാർട്ട്മെന്റിന് സംശയം തോന്നിയാൽ അത് മുമ്പുള്ള നികുതിനിയമങ്ങളെ അപേക്ഷിച്ച് കുറേക്കൂടി ഗൗരവകരമായ ഒരു വീഴ്ച ആയിട്ടാണ് നിയമപ്രകാരം ഡിപ്പാർട്ട്മെന്റ് കണക്കാക്കുന്നത്. ഇതിനാൽ നികുതി ബാധ്യത കണക്കാക്കിയത് ശരിയായ രീതിയിൽ അല്ല എന്ന് കാണിച്ചു കൊണ്ട് ഡിപ്പാർട്ട്മെന്റ് അസെസ്സ്മെന്റ് നടപടികൾക്ക് തുടക്കം കുറിച്ചാൽ പലപ്പോഴും വൻ പിഴയോട് കൂടി മാത്രമേ നികുതിയും പലിശയും അടച്ച് നടപടികൾ അവസാനിപ്പിക്കാനാവൂ. അതിനാൽ കണക്കുകൾ കൃത്യമായി സൂക്ഷിക്കുക. എല്ലാ രേഖകളും പരസ്പരം ഒത്തുപോകുന്നുണ്ട് എന്ന് ഉറപ്പു വരുത്തുക. കൃത്യമായ കണക്കുകളുടെ പിൻബലത്തോടെ റിട്ടേണുകൾ സമർപ്പിക്കുക. അത് മാത്രമാണ് ജി.എസ്.ടി. നിയമത്തിനു കീഴിൽ സമാധാനപരമായി ബിസിനസ് ചെയ്തു ജീവിക്കാനുള്ള ഏക മാർഗ്ഗം.

**21** ഫിസിക്കൽ സ്റ്റോക്ക്, ഫിസിക്കൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്നിവ നേരിട്ട് പരിശോധിച്ച് കണക്കിലെ ക്ലോസിങ്ങ് സ്റ്റോക്ക് വർക്ക് ഇൻ പ്രോഗ്രസ്സ് എന്നിവയുമായി ഒത്തു നോക്കി എന്തെങ്കിലും വ്യത്യാസം ഉണ്ടെങ്കിൽ അത് കണ്ടു പിടിച്ച 2024, മാർച്ച് 31 ലെ യഥാർത്ഥ ഫിസിക്കൽ സ്റ്റോക്ക്, വർക്ക് ഇൻ പ്രോഗ്രസ്സ് എന്നിവയും കണക്കിലെ ഫിസിക്കൽ സ്റ്റോക്ക്, വർക്ക് ഇൻ പ്രോഗ്രസ്സ് എന്നിവയുമായി യാതൊരു വ്യത്യാസവും ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

**22** 2023-24 സാമ്പത്തിക വർഷത്തിലെ എല്ലാ ഡെബിറ്റ് നോട്ടുകളും ക്രെഡിറ്റ് നോട്ടുകളും അതാത് വർഷത്തിൽ തന്നെ ട്രാൻസാക്ഷൻ നടത്തിയ ഇടപാടുകളുമായി മാത്രമേ സെറ്റ് ഓഫ് ചെയ്യാൻ പറ്റുകയുള്ളു എന്ന വസ്തുത മനസിലാക്കി എല്ലാ ഡെബിറ്റ് നോട്ടുകളും ക്രെഡിറ്റ് നോട്ടുകളും മാർച്ച് മാസത്തിലെ റിട്ടേൺ ഫയൽ ചെയ്യുമ്പോൾ തന്നെ സെറ്റ്ഓഫ് ചെയ്യേണ്ടതാണ്.

മേൽപ്പറഞ്ഞവ കൂടാതെ ഇൻകം ടാക്സ് നിയമവുമായി ബന്ധപ്പെട്ട മറ്റു ചില വസ്തുതകളും കാര്യങ്ങളും കൂടി ബിസിനസ്സുകാർ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. പ്രത്യേകിച്ചും 26 എ.എസ്., എ.ഐ. എസ് തുടങ്ങിയ ഇൻകം ടാക്സ് പോർട്ടലിലെ നികുതിദായകനുമായി ബന്ധപ്പെട്ട ഫോമുകൾ മറ്റു കണക്കുകൾ എന്നിവ ഒത്തുനോക്കേണ്ടതാണ്.

കമ്പനികളെ സംബന്ധിച്ച് ഇൻകം ടാക്സ് ആക്റ്റിലെ സെക്ഷൻ 43 ബി, (എച്ച്) എന്ന നിയമം 01.04.2024 മുതൽ പ്രാബല്യത്തിൽ വരികയാണ്. അതനുസരിച്ച് എം.എസ്.എം.ഇ. യിൽ നിന്നും വാങ്ങുന്ന സാധനങ്ങൾ/ സേവനങ്ങൾക്ക് 45 ദിവസത്തിനുള്ളിൽ പേയ്മെന്റ് നൽകണമെന്ന് വ്യവസ്ഥയുണ്ട്, ആയതു ശ്രദ്ധിക്കുക.

**അഡ്വ. കെ.എസ്. ഹരിഹരൻ**
B.Com, LLB, MBA, LLM
**ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ**
**9846227555, 7902443188, 7907000401**

(പേജ് 7-ൽ നിന്നുള്ള തുടർച്ച)

സഹകരണ ബാങ്കുകളിലെ നിക്ഷേപം സംസ്ഥാനത്തിലെ ഉല്പാദന മേഖലയുടെ വികസനത്തിന് പ്രയോജനപ്പെടുത്തുവാനുള്ള ബൃഹത്തായ ഒരു പദ്ധതിക്കാണ് ഇനി മുൻതൂക്കം നല്കേണ്ടത്. സംസ്ഥാനത്തിന്റെ തൊഴിൽ വികസനത്തിനും സമ്പത്ത്ഘടനയുടെ കെട്ടുറപ്പിനും ശ്രദ്ധേയമായ പങ്ക് വഹിക്കുന്ന ഒരു മേഖലയാണ് എം.എസ്.എം.ഇ. ഈ മേഖലയുടെ വളർച്ചയ്ക്ക് സംസ്ഥാന സർക്കാരിന്റെ പദ്ധതികളുമായി സഹകരിക്കാനുള്ള സഹകരണ മേഖലയുടെ ഭാഗത്ത് നിന്നുള്ള നീക്കം സ്വാഗതാർഹമാണ്. സ്വകാര്യ വ്യവസായ പാർക്കുകൾ, സഹകരണ വ്യവസായ പാർക്കുകൾ, കോളേജ് തലങ്ങളിലുള്ള വ്യവസായ പാർക്കുകൾ തുടങ്ങിയവക്ക് വൻ പ്രാധാന്യം നല്കിക്കൊണ്ടുള്ളതാണ് സംസ്ഥാന സർക്കാരിന്റെ പദ്ധതികൾ. ഈ പദ്ധതികൾ വിജയിപ്പിക്കുന്നതിന് ജനങ്ങളുടെ ബാങ്കായ സഹകരണ ബാങ്കുകളുടെ ഉത്തരവാദിത്വം വളരെ വലുതാണ്. സഹകരണ ബാങ്കുകളിലെ നിക്ഷേപം 75-80 ശതമാനവും ഈ മേഖലയ്ക്ക് വേണ്ടി വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാനത്തിലെ വ്യവസായികളെ പ്രതിനിധികരിക്കുന്ന കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയഷന്റെ അഭ്യർത്ഥന. തീർച്ചയായും സംഘടനയുടെ ഈ നിർദ്ദേശം സഹകരണ ബാങ്കുകൾ സ്വീകരിച്ചാൽ നമ്മുടെ സംസ്ഥാനം വ്യവസായ വികസന മുന്നേറ്റത്തിൽ ഒന്നാം സ്ഥാനത്ത് എത്തിച്ചേരുമെന്നതിൽ തർക്കമില്ല.

**പി.ജെ. ജോസ്**
**ജനറൽ സെക്രട്ടറി**

# വ്യവസായികൾക്കുള്ള ഗ്രൂപ്പ്ഹെൽത്ത് ഇൻഷുറൻസ് പോളിസികൾ



വിശ്വനാഥൻ ഒടാട്ട്

ആരോഗ്യം സമ്പത്താണെന്ന് നാം പറയുമെങ്കിലും നമ്മുടെ വരുമാനത്തിൽ നിന്ന് ചെറിയൊരു സംഖ്യ ആരോഗ്യ ഇൻഷുറൻസിനായി മാറ്റിവെക്കുന്നത് ചുരുക്കം ആളുകൾ മാത്രം. അസുഖങ്ങൾ, മാരകരോഗങ്ങൾ, പകർച്ചവ്യാധികൾ, അപകടങ്ങൾ എന്നിവ മൂലം വലിയ ചികിത്സാ ചിലവുകളാണ് നമുക്കിടയിൽ ഉണ്ടായികൊണ്ടിരിക്കുന്നത്. ഒരു വ്യവസായ സ്ഥാപനത്തിന്റെ കാര്യമെടുത്താൽ ഉടമസ്ഥർക്കും, കുടുംബാംഗങ്ങൾക്കും ഒപ്പം തന്നെ തൊഴിലാളികൾക്കും ഇണങ്ങുന്ന രീതിയിൽ ആരോഗ്യ ഇൻഷുറൻസ് പോളിസികൾ നമുക്ക് ചിട്ടപ്പെടുത്താവുന്നതാണ്. ചുരുങ്ങിയ പ്രീമിയം നിരക്കിൽ നിലവിലുള്ള അസുഖങ്ങൾ വരെ കവർചെയ്യുന്ന വിവിധങ്ങളായ പാക്കേജുകൾ നമുക്ക് തിരഞ്ഞെടുക്കാം.

സാധാരണയായി 65 വയസ്സുവരെ പ്രായമുള്ളവർക്കാണ് ഈ പോളിസിയുടെ പ്രയോജനം ലഭിക്കുക. ഒരു വ്യക്തിയെ തനിച്ചും, കുടുംബാംഗങ്ങളെ (ഭർത്താവ്, ഭാര്യ, മക്കൾ) ഒന്നിച്ചും ഈ പോളിസിയിൽ കവർ ചെയ്യാവുന്നതാണ്. 50,000 രൂപ മുതൽ 2,50,000 രൂപ വരെയാണ് ഇൻഷുർ ചെയ്യുന്ന തുക. ചികിത്സക്കായി 24 മണിക്കൂർ ആശുപത്രിവാസം നിർബന്ധമായും ഉണ്ടായിരിക്കണം. ആശുപത്രിയിൽ അഡ്മിറ്റ് ആവുന്നതിന് 30 ദിവസം മുമ്പും, ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ്ജ് ആയശേഷം 60 ദിവസവും നാം ചിലവഴിച്ച ചികിത്സാചിലവുകൾ ഈ പോളിസിയിൽ കവർ ചെയ്യുന്നതാണ്. കൂടാതെ ആംബുലൻസ് ചിലവും നൽകുന്നതാണ്. ആശുപത്രി റൂം വാടകയുടെ പരിധി ഒഴിവാക്കിയിട്ടുണ്ട്. ഡേകെയർ ചികിത്സാ സൗകര്യവും ഈ പോളിസിയിൽ ലഭ്യമാണ്.

ഇൻഷുർ ചെയ്യുമ്പോൾ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തിയിരിക്കണം. ചില കമ്പനികൾ 10 കുടുംബങ്ങളെ ഒന്നിച്ച് ഇൻഷുർ ചെയ്യുമ്പോൾ മറ്റു ചില കമ്പനികൾ 15 പേരെയും, 25 പേർ (ജീവനക്കാർ) ഉണ്ടെങ്കിൽ മാത്രമെ ഇൻഷുർ ചെയ്യുന്നുള്ളൂ. ഫ്യൂച്ചർ ജനറാലി, ടാറ്റ എ.ഐ.ജി., ഐ.സി.ഐ.സി.ഐ. ലൊംബാർഡ്, റോയൽ സുന്ദരം എന്നീ കമ്പനികളാണ് ഗ്രൂപ്പ്ഹെൽത്ത് ഇൻഷുറൻസ് പോളിസികൾ നൽകുന്നത്. മുഖ്യമായും പ്രവർത്തിക്കുന്ന കമ്പനികൾ ഓരോ സ്ഥാപനത്തിന്റെയും ആവശ്യങ്ങൾ എന്താണെന്ന് മനസ്സിലാക്കി ചിട്ടപ്പെടുത്തി എടുക്കാവുന്ന വിധത്തിലാണ് പോളിസികൾ നിർമ്മിച്ചിരിക്കുന്നത്. തൊഴിലുടമ സ്വന്തമായും തൊഴിലാളികളിൽ നിന്നുള്ള വിഹിതം ചേർത്തും ഇത്തരം പോളിസികൾ നൽകുമ്പോൾ ജീവനക്കാരിൽ സുരക്ഷിതത്വ ബോധം ഉണ്ടാവുക സ്വാഭാവികമാണ്.

താഴെ കൊടുത്തിരിക്കുന്നത് 50,000 മുതൽ 2.5 ലക്ഷം രൂപ വരെയുള്ള വ്യക്തിഗത പ്ലാനിൽ അടക്കേണ്ട പ്രീമിയം തുക ഓരോ പ്രായക്കാർക്കും ഇനം തിരിച്ച് നൽകിയിട്ടുണ്ട്. ഇൻഷുർ ചെയ്യുന്നത് ഫ്യൂച്ചർ ജനറൽ ഇൻഷുറൻസ് കമ്പനിയാണ്.

| ഇൻഷൂർ ചെയ്യുന്ന തുക | പ്രായം | | | |
|---|---|---|---|---|
| | 35 വരെ | 36-45 | 45-55 | 55-65 |
| 50,000 | 1129 | 1514 | 2533 | 3041 |
| 1,00,000 | 1802 | 2650 | 4196 | 5512 |
| 1,50,000 | 2227 | 2722 | 5081 | 7580 |
| 2,00,000 | 2858 | 3187 | 6725 | 9134 |
| 2,50,000 | 2923 | 3385 | 8135 | 12638 |

മുകളിൽ കൊടുത്തിരിക്കുന്നത് വ്യക്തിഗത വാർഷിക പ്രീമിയമാണ് (ജി.എസ്.ടി. ഉൾപ്പടെ). കുടുബാംഗങ്ങളെ ഇൻഷുർ ചെയ്യുമ്പോൾ പ്രീമിയത്തിൽ വർദ്ധനവ് ഉണ്ടാവുന്നതാണ്. ■

**എയിംസ് ഇൻഷൂറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ. ✆ 9895768333**

# ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ;
## സംരംഭക മേഖലയിലെ മികവിനുള്ള അവാർഡുകൾ വിതരണം ചെയ്തു






സൂരജ് എസ്.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെബിപ്പ്

2024ലെ മികച്ച സംരംഭകർക്കും തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾക്കും ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്കുമുള്ള വ്യവസായ വാണിജ്യ വകുപ്പിന്റെ അവാർഡുകൾ ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് വിതരണം ചെയ്തു. കേരളം സംരംഭങ്ങളുടെ കാര്യത്തിൽ കുതിച്ചുചാട്ടം നടത്തുമ്പോൾ ഈ സംരംഭകരെ ചേർത്തു പിടിക്കുകയാണ് വ്യവസായ വകുപ്പ്, ഉത്പാദന മേഖലയിലെ ഏറ്റവും മികച്ച സൂക്ഷ്മ–ചെറുകിട–ഇടത്തരം–വൻകിട സംരംഭങ്ങൾക്ക് പുറമെ പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള മികച്ച സംരംഭം, ഏറ്റവും മികച്ച വനിതാ സംരംഭം, ഏറ്റവും മികച്ച കയറ്റുമതി സംരംഭം എന്നീ മേഖലയിലും ഉത്പാദന മേഖലയിലെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പിനുമുള്ള പുരസ്കാരം കൂടാതെ ലൈഫ് ടൈം അച്ചീവ്മെന്റ് എന്നിങ്ങനെ വിവിധ ക്രമ പ്രകാരമാണ് പുരസ്കാരങ്ങൾ സമ്മാനിച്ചത്.

സംരംഭകത്വം എത്രമാത്രം ഹൃദയത്തോട് ചേർന്ന് നിൽക്കുന്നു എന്നതാണ് അവാർഡ് ജേതാക്കളുടെ പട്ടിക കാണിക്കുന്നതെന്നും വിജയികളെ അഭിനന്ദിക്കുന്നതായും ബഹു. മന്ത്രി പി. രാജീവ് പറഞ്ഞു. വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ വർഷം കൊണ്ട് 5 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചതായും 71,000–ത്തിലധികം വനിതാ സംരംഭകരെ ഈ ഉദ്യമത്തിലൂടെ വാർത്തെടുക്കാനായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഓരോ സംരംഭകനും സമൂഹത്തിന്റെ അഭിവൃദ്ധിക്ക് വേണ്ടി പ്രയത്നിക്കുന്നതിനാൽ അവരുടെ പരിശ്രമങ്ങളെ അംഗീകരിക്കുകയും ആദരിക്കുകയും വേണമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച വ്യവസായ നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല ഐ.എ.എസ്, പറഞ്ഞു. അവാർഡ് ജേതാക്കളെ അഭിനന്ദിച്ച അദ്ദേഹം സംരംഭങ്ങൾക്ക് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ശ്രമങ്ങളെയും അഭിനന്ദിച്ചു. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വളർച്ചയോടെ സംസ്ഥാനം മികച്ച സമ്പദ് വ്യവസ്ഥയായി മാറുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വ്യവസായ വാണിജ്യ ഡയറക്ടർ എസ്. ഹരികിഷോർ ഐ.എ.എസ്., സ്വാഗതം ആശംസിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ്, തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) ഡയറക്ടർ അലക്സ് വർഗീസ് ഐ.എ.എസ്, കെ.എസ്.ഐ.ഡി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീമതി. ആനി ജൂല തോമസ് ഐ.എ.എസ്., വ്യവസായ വകുപ്പ് അഡിഷണൽ ഡയറക്ടർ രാജീവ്, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ എക്സിക്യൂട്ടീവ്




ചെയർമാൻ അജിത്കുമാർ. കെ., കിൻഫ്രാ എം.ഡി. സന്തോഷ് കോശി തോമസ്, കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

സമഗ്ര സംഭാവനയ്ക്കുള്ള അവാർഡ് ശ്രീമതി. പമേല ആൻ മാത്യു മാനേജിങ് ഡയറക്ടർ, ഒ.ഇ.എൻ. ഇന്ത്യ ലിമിറ്റഡ് സ്വന്തമാക്കി. 2021-22 വർഷത്തിൽ 524.50 കോടി രൂപയുടെ വിറ്റു വരവ് കരസ്ഥമാക്കിയ പത്തനംതിട്ട ജില്ലയിൽ നിന്നുള്ള ഡോ. ബാബു പി. മാളിയേക്കൽ മെ.ഏകെ. നാച്ചുറൽ ഇൻഗ്രീഡിയന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് ആണ് ഏറ്റവും മികച്ച വൻകിട സംരംഭമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ഏറ്റവും മികച്ച ഇടത്തരം സംരംഭമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത് പരമ്പരാഗത വ്യവസായ മേഖലയായ കശുവണ്ടി കേർണൽ കയറ്റുമതിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള വസന്തകുമാരൻ ഗോപാലപിള്ള മെ. സൗപർണിക എക്സ്പോർട്ട് എന്റർപ്രൈസസാണ്. മികച്ച ചെറുകിട സംരംഭമായി തെരഞ്ഞെടുക്കപ്പെട്ട കുര്യൻ ജോസ് എസ്.ആർ. മെ. മറൈൻ ഹൈഡ്രോ കോളോയിസ്ഡ് 86 പേർക്ക് തൊഴിൽ നൽകുന്ന ഇന്ത്യയിലെ തന്നെ പ്രധാനപ്പെട്ട അഗർ-അഗർ ഭക്ഷ്യ ചേരുവാ നിർമ്മാണ കേന്ദ്രമാണ്. 100 പേർക്ക് തൊഴിൽ നൽകുന്ന സുജിത്ത് എൻ.മെ. കല്യാണി ഫുഡ് പ്രൊഡക്റ്റ്സ് ആണ് ഉൽപാദന മേഖലയിലെ ഏറ്റവും മികച്ച സൂക്ഷ്മ സംരംഭമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്.

പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള സംരംഭകർക്ക് പ്രത്യേക പരിഗണന നൽകി ഈ മേഖലയിൽ കൂടുതൽ സംരംഭകർക്ക് സഹായം നൽകുന്നതിന്റെ ഭാഗമായിട്ടാണ് സംരംഭ മേഖലയിലെ മികവിനുള്ള അവാർഡിൽ പട്ടികജാതി വിഭാഗത്തിലെ മികച്ച സംരംഭം എന്ന വിഭാഗത്തിലും പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്, മികച്ച പട്ടികജാതി വിഭാഗത്തിലെ സംരംഭം സംസ്ഥാന അവാർഡ് 2021-22













ശ്രീ. മണി. എം. മെ. ഫൈകോർ ഇലക്ട്രോണിക്സ്, മലപ്പുറം സ്വന്തമാക്കി. ഈ വർഷത്തെ ഏറ്റവും മികച്ച വനിതാ സംരംഭമായി തെരഞ്ഞെടുത്തിരിക്കന്നത് ഒരു കുടുംബശ്രീ യൂണിറ്റിനെയാണ് മികച്ച വനിതാ സംരംഭകക്കുള്ള സംസ്ഥാന അവാർഡ് ശ്രീമതി. ഉമ്മു സൽമ സഞ്ജീവനി കുടുംബശ്രീ യൂണിറ്റ് മലപ്പുറമാണ് സ്വന്തമാക്കിയത്. ഏറ്റവും മികച്ച കയറ്റുമതി സംരംഭം എന്ന വിഭാഗത്തിൽ ഏർപ്പെടുത്തിയ പുരസ്കാരം നേടിയിരിക്കുന്നത് എറണാകുളത്ത് ഒലിയോറെസിൻ മാന്യുഫാക്ചറിങ്ങ് മേഖലയിൽ പ്രവർത്തിക്കുന്ന ജീമോൻ കെ കോര.മെ.മാൻ കാൻകർ ഇൻഗ്രീഡിയന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സംരംഭമാണ്.



മികച്ച കയറ്റുമതി അധിഷ്ഠിത സംരംഭമായി ജീമോൻ കെ. കോര മെ. മാൻ കാൻകർ ഇൻഗ്രേഡിയന്റ് പ്രൈ വറ്റ് ലിമിറ്റഡ് എറണാകുളം പുരസ്കാരം സ്വന്തമാക്കി. ഉയർന്നുവരുന്ന ഐ.ടി. ഇതര സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ പിന്തുണ നൽകുന്നതിനാണ് ഉത്പാദന മേഖലയിലെ മികച്ച സ്റ്റാർട്ടപ്പിനും വ്യവസായ വകുപ്പ് പ്രത്യേക പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. സസ്റ്റെയിനബിൾ ഫുഡ് പാക്കേജിങ്ങ് രംഗത്ത് പ്രവർത്തിച്ചു വരുന്ന നിതീഷ് സുന്ദരേശൻ മെ. വർഷ്യ ഏക്കോസൊല്യൂഷൻസ് ആണ് ഈ വർഷത്തെ പുരസ്കാരത്തിന് അർഹമായിട്ടുള്ളത്. മികച്ച കോർപ്പറേഷനുള്ള സംസ്ഥാന അവാർഡ് (2022 – 23) തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷനാണ്. മികച്ച ഗ്രാമപഞ്ചായത്തായി കൊല്ലം ജില്ലയിലെ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് മുനിസിപ്പാലിറ്റിയും തിരഞ്ഞെടുക്കപ്പെട്ടു.



വരും വർഷങ്ങളിൽ ആരോഗ്യപ്രരമായ മത്സരം വളർത്തിക്കൊണ്ടുവരാനും മികച്ച നിരവധി സംരംഭങ്ങൾ കൂടി കേരളത്തിൽ സൃഷ്ടി ച്ചെടുക്കാനും സംരംഭമേഖലയിലെ മികവിനുള്ള സംസ്ഥാന അവാർഡുകൾ ഒരു പിന്തുണയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ■





# കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റി ഓഫീസ് യോഗത്തിൽ എം.എസ്.എം. ഇ., ഡി.എഫ്.ഒ. ഡയറക്ടർക്ക് ആദരവ്

കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റി യോഗം സംസ്ഥാന കമ്മിറ്റി ഹാളിൽ വച്ച് നടന്നു. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ അദ്ധ്യക്ഷത വഹിച്ച പ്രസ്തുത പരിപാടിയിൽ സംസ്ഥാന വൈസ് പ്രസിഡന്റ് എബ്രഹാം കുര്യാക്കോസ് സ്വാഗതം പറഞ്ഞു. യോഗത്തിൽ G.S.Prakash, IEDS (Joint Director & Head of Office"MSME-Development & Facilitation Office, Thrissur) നെ ആദരിച്ചു. 14 ജില്ലകളെ പ്രതിനിധാനം ചെയ്യുന്ന ചെറുകിട വ്യവസായികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തിരുന്നു. യോഗത്തിൽ വച്ച് സംസ്ഥാന സംഘടനയുടെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് G.S.Prakash, IEDS നല്കി. സ്വീകരണത്തിന് ജി.എസ്. പ്രകാശ് നന്ദി പറഞ്ഞു. തുടർന്ന് സംസാരിച്ച അദ്ദേഹം ഈയിടെയുണ്ടായ ഡിലെയ്ഡ് പേയ്മെന്റിന്റെ നിയമത്തെക്കുറിച്ചുള്ള കാര്യങ്ങൾ വിശദീകരിച്ചു. നല്ല ഉദ്ദേശത്തോടെ കൊണ്ട് വന്ന പുതിയ ഡിലെയ്ഡ് പേയ്മെന്റ് നിയമത്തിന് ചില പോരായ്മകളും അനുഭവപ്പെടുന്നതായി അദ്ദേഹം പറഞ്ഞു. എക്സിബിഷനുകൾക്ക് എം.എസ്.എം.ഇ. മന്ത്രാലയത്തിൽ നിന്നും അനുവദിച്ചിട്ടുള്ള ഐ.സി. സ്കീമിനെക്കുറിച്ചും. പി.എം.എസ് സ്കീമിനെക്കുറിച്ചും വിശദീകരിച്ചു. സെൻട്രൽ സോൺ ജോ. സെക്രട്ടറി ബി. ജയകൃഷ്ണൻ ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു. ഉച്ചയ്ക്ക് എം.എസ്.എം. ഇ., ഡി.എഫ്.ഒ. തൃശ്ശൂർ ഒരു സെമിനാർ സംഘടിപ്പിച്ചു. പ്രസ്തുത സെമിനാർ നയിച്ചത് അസി. ഡയറക്ടർ രേഖ കുട്ടപ്പൻ ആണ്. സെമിനാറിൽ Awareness Programme on MSME Competitive LEAN Scheme & Zero Defect Zero Effect (ZED) Scheme എന്നീവയെക്കുറിച്ച് വിശദീകരിച്ചു.



സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു



ജനറൽ സെക്രട്ടറി പി.ജെ. ജോസ് ആശംസാപ്രസംഗം നടത്തുന്നു.



ഡയറക്ടർ ജി.എസ്. പ്രകാശ് മറുപടി പ്രസംഗം നടത്തുന്നു



സംസ്ഥാന സംഘടനയുടെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ഡയറക്ടർ ജി.എസ്. പ്രകാശിന് നല്കുന്നു

# ചരിത്രം ആവർത്തിച്ച് സംരംഭക വർഷം 2.0

## തുടർച്ചയായ രണ്ടാം വർഷവും ഒരു ലക്ഷം സംരംഭങ്ങൾ



എസ്. ഹരി കിഷോർ ഐ.എ.എസ്

ദേശീയതലത്തിൽ എം.എസ്.എം.ഇ. മേഖലയിലെ 'ബെസ്റ്റ് പ്രാക്ടീസ്' അംഗീകാരം നേടിയ വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയിലൂടെ തുടർച്ചയായ രണ്ടാം വർഷവും കേരളം 'ഒരു ലക്ഷം സംരംഭങ്ങൾ' എന്ന ലക്ഷ്യം പൂർത്തിയാക്കി അഭിമാന നേട്ടം കൈവരിച്ചിരിക്കുകയാണ്. സംരംഭക വർഷം പദ്ധതിയുടെ തുടർച്ചയായ സംരംഭക വർഷം 2.0 പദ്ധതിയിലൂടെയാണ് 'ഒരു ലക്ഷം പുതിയ സംരംഭങ്ങൾ' എന്ന മികച്ച നേട്ടം വ്യവസായ വകുപ്പ് വീണ്ടും കൈവരിച്ചിരിക്കുന്നത്. സംരംഭക വർഷം 2.0 പദ്ധതിയിലൂടെ 2023 ഏപ്രിൽ ഒന്ന് മുതൽ 2024 മാർച്ച് 13 വരെയുള്ള 348 ദിവസത്തെ കാലയളവിൽ കേരളത്തിൽ 1,00,082 സംരംഭങ്ങൾ ആരംഭിച്ചു. 6716 കോടിയുടെ നിക്ഷേപവും 2,09,877 പുതിയ തൊഴിലും കേരളത്തിൽ സൃഷ്ടിക്കപ്പെട്ടു. ഇതോടെ സംരംഭക വർഷം എന്ന മെഗാ പദ്ധതിയിലൂടെ സംരംഭങ്ങളുടെ എണ്ണം രണ്ട് ലക്ഷവും കടന്ന് മുന്നേറുകയാണ്. സംരംഭക വർഷം പദ്ധതി ആരംഭിച്ച 2022 ഏപ്രിൽ ഒന്ന് മുതൽ 2024 മാർച്ച് 13 വരെയുള്ള 23 മാസത്തിനിടെ 15,138 കോടി രൂപയുടെ നിക്ഷേപമെത്തിച്ചേരുകയും 5,09,928 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തത് പദ്ധതിയുടെ വലിപ്പവും വ്യാപ്തിയും വ്യക്തമാക്കുന്നു.

ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ സൃഷ്ട്ടിക്കുകയെന്ന ലക്ഷ്യത്തോടെ 2022-23 സാമ്പത്തിക വർഷം ആവിഷ്ക്കരിച്ച പദ്ധതി എട്ട് മാസത്തിനുള്ളിൽ ലക്ഷ്യം കൈവരിച്ചിരുന്നു. 2022 ഏപ്രിൽ ഒന്ന് മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ കേരളത്തിൽ 1,39,840 പുതിയ സംരംഭൾ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 8422 കോടി രൂപയുടെ നിക്ഷേപവും 3,00,051 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. പദ്ധതിയുടെ അഭൂതപൂർവ്വമായ വിജയത്തെ തുടർന്ന് 2023-24 സാമ്പത്തിക വർഷവും സംരംഭക വർഷം പദ്ധതി തുടരാൻ തീരുമാനിക്കുകയായിരുന്നു.

സംരംഭക വർഷം 2.0 എന്ന പേരിലാണ് 2023-24 സാമ്പത്തിക വർഷം പദ്ധതി തുടർന്നത്. സംരംഭങ്ങളുടെ എണ്ണത്തിലും നിക്ഷേപത്തിലും തൊഴിലവസരങ്ങളിലും എറണാകുളം ജില്ലയാണ് ഈ കാലയളവിൽ മുന്നിൽ നില്ക്കുന്നത്. മലപ്പുറം, തിരുവനന്തപുരം ജില്ലകൾ രണ്ടും മൂന്നും സ്ഥാനം കൈവരിക്കുകയും പാലക്കാട്, തൃശൂർ ജില്ലകളൽ 9000 ത്തിലേറെ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തു. വ്യാവസായികമായി പിന്നാക്കം നില്ക്കുന്ന പത്തനംതിട്ട, കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിലായി 13070 യൂണിറ്റുകൾ ആരംഭിക്കുകയും 27000-ത്തിലധികം തൊഴിലവസരം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സംരംഭകരുടെ 3375 പുതിയ സംരംഭങ്ങളും ഒരു ലക്ഷത്തിൽ ഉൾപ്പെടുന്നു. പുതുതായി ആരംഭിച്ച സംരംഭങ്ങളിൽ മൂന്നിലൊന്ന് (31,240) വനിതാ സംരംഭകരുടേതാണെന്നത് സംരംഭക വർഷത്തിന്റെ ഉജ്ജ്വലമായ നേട്ടങ്ങളിലൊന്നാണ്.



സംരംഭക വർഷം 2.0 പദ്ധതിയുടെ ഭാഗമായി സേവന മേഖലയിലാണ് ഏറ്റവും കൂടുതൽ പുതിയ യൂണിറ്റുകളും തൊഴിലും നിക്ഷേപവും സൃഷ്ടിച്ചിട്ടുള്ളത്. 44211 യൂണിറ്റുകളാണ് ഈ മേഖലയിൽ മാത്രം ആരംഭിച്ചിട്ടുള്ളത്. 95539 പേർക്ക് തൊഴിലും 2693.27 രൂപയുടെ നിക്ഷേപവും ഈ മേഖലയിലുണ്ടായി. ഉത്പാദന മേഖലയിൽ 13712 പുതിയ യൂണിറ്റുകളും വ്യാപാര മേഖലയിൽ 42076 യൂണിറ്റുകളുമാണ് ആരംഭിച്ചിട്ടുള്ളത്. അഗ്രോ & ഫുഡ് പ്രോസസിങ്ങ് മേഖലയിൽ 6630 യൂണിറ്റുകളും ഗാർമെന്റ്സ് ആന്റ് ടെക്സ്റ്റൈൽസ് മേഖലയിൽ 1819 യൂണിറ്റുകളും വസ്ത്ര ഡിസൈനിങ്ങ്, ആഭരണങ്ങൾ, തയ്യൽ മേഖലകളിൽ 5439 യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്.



വലിയ സംഘാടന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയതിലൂടെയാണ് സംരംഭക വർഷം എന്ന ബൃഹത്ത് പദ്ധതി ഈ ലക്ഷ്യം നേടിയത്. സംരംഭകർക്കാവശ്യമായ സഹായങ്ങൾ നല്കുന്നതിനായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും എന്റർപ്രൈസ് ഡവലപ്മെന്റ് എക്സിക്യൂട്ടീവുമാരെ നിയമിച്ചു. സംസ്ഥാനത്തെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ചു. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചു. എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യാനായി ഒ.എൻ.ഡി.സിയുമായി (Open Network for Digital Commerce) യുമായി ചേർന്ന് ഒരു ധാരണാപത്രം (MOU) ഒപ്പുവച്ചു. പുതുതായി ആരംഭിച്ച സംരംഭങ്ങൾക്ക് ഓൺലൈൻ വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ഒ.എൻ.ഡി.സി പ്ലാറ്റ്ഫോമിലേക്ക്സംരംഭകരെഓൺബോർഡ് ചെയ്യുന്നതിനായി ജില്ലാ തലത്തിൽ ശില്പശാലകൾ സംഘടിപ്പിച്ചിരുന്നു. ഇതിലൂടെ 353 യൂണിറ്റുകളെയും 1093 ഉത്പന്നങ്ങളെയും ഒ.എൻ.ഡി.സി പ്ലാറ്റ് ഫോമിൽ ഓൺബോർഡ് ചെയ്യാൻ കഴിഞ്ഞു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വായ്പ/ ലൈസൻസ്/ സബ്സിഡി മേളകൾ നടത്തി. വായ്പാ മേളയുടെ ഭാഗമായി 2871 കോടിയോളം രൂപയുടെ വായ്പകളും 3341 ലൈസൻസുകളും 852 സബ്സിഡികളും അനുവദിച്ചു.

കേരളത്തിലെ എം.എസ്.എം.ഇ.കളിൽ നിന്നും തിരഞ്ഞെടുത്ത 1000 എം.എസ്.എം.ഇ. കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതിയും മിഷൻ 1000 പദ്ധതിയും ഈ വർഷം ആരംഭിച്ചു. ആദ്യ പടിയായി ഇതുവരെ 149 സംരംഭങ്ങളെ തിരഞ്ഞെടുത്തു. തിരഞ്ഞെടുത്ത സംരംഭങ്ങളിൽ നിന്നും ഇൻസെന്റീവുകൾക്കായുള്ള അപേക്ഷകൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന അപകട സാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നല്കുന്നതിന് എം.എസ്.എം.ഇ. ഇൻഷുറൻസ് പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

2022 മാർച്ച് 30ന് ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത സംരംഭക വർഷം പദ്ധതി അതിവിപുലമായ ആസൂത്രണത്തിലൂടെ കേരളത്തിലെ എല്ലാ എം.എസ്.എം.ഇ. റെക്കോർഡുകളും സ്വന്തമാക്കി മുന്നോട്ടുപോവുകയാണ്. കേരള ചരിത്രത്തിലെ സമാനതകളില്ലാത്ത സംരംഭക മുന്നേറ്റമാണ് സംരംഭക വർഷം പദ്ധതിയിലൂടെ സാധ്യമായത്. രാജ്യത്തും ഇത്തരമൊരനുഭവം ആദ്യമാണ്. ഒന്നിൽ നിന്ന് തുടങ്ങി രണ്ട് ലക്ഷം സംരംഭങ്ങൾ ആരംഭിക്കുകയും രണ്ടര ലക്ഷം സംരംഭങ്ങളെന്ന ലക്ഷ്യത്തിലേക്ക് നീങ്ങുകയും ചെയ്യുന്ന സംരംഭക വർഷം പദ്ധതി സൃഷ്ടിച്ച ആത്മവിശ്വാസം വലിയ വ്യവസായ മുന്നേറ്റത്തിന് വഴി തുറക്കുമെന്നതിൽ സംശയമില്ല.

**വ്യവസായ വാണിജ്യ വകുപ്പ്
ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി.
എം.ഡി. ആണ് ലേഖകൻ**

# കേരള ബജറ്റ്:
# കുതിച്ച് ഉയർന്ന് വ്യവസായവും



ടി.എസ്. ചന്ദ്രൻ

സംസ്ഥാനത്തെ ചെറുകിട വ്യാപാരികൾക്ക് ഏറെ പ്രതീക്ഷ നൽകുന്ന പുതിയ സംവിധാനത്തിന് തുടക്കം കുറിച്ചിരിക്കുകയാണ് സംസ്ഥാന സർക്കാർ. വ്യവസായ വാണിജ്യ വകുപ്പ് എന്നാണ് ഒരു സർക്കാർ വകുപ്പിന്റെ പേര്. പക്ഷേ വാണിജ്യ പ്രോത്സാഹന പ്രവർത്തികൾ ഒന്നും തന്നെ ചെയ്തു വന്നിരുന്നില്ല. വ്യവസായ പ്രോത്സാഹന പദ്ധതികളിൽ മാത്രം ഒതുങ്ങുകയായിരുന്നു ഇതുവരെ. വാണിജ്യ സ്ഥാപനങ്ങളെ പ്രത്യേകിച്ച് ചെറിയ കച്ചവടക്കാരെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി പ്രത്യേക വാണിജ്യ വിഭാഗം ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. അതിന്റെ ഭാഗമായി ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്ക് നിരവധി സൗകര്യങ്ങൾ സർക്കാരിന് നൽകാൻ കഴിയും. ഇതുമായി ബന്ധപ്പെട്ട് സർക്കാർ ചെയ്യുന്നതും ചെയ്യേണ്ടതുമായ കാര്യങ്ങൾ ചുവടെ.

**1. പ്രോത്സാഹനം ലക്ഷ്യം വയ്ക്കുന്നു**

കച്ചവടസ്ഥാപനങ്ങളുടെ പ്രോത്സാഹനമാണ് വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വാണിജ്യ വകുപ്പിന്റെ പ്രധാനമായ ലക്ഷ്യം. വ്യാപാരം ശക്തി പ്പെട്ടാൽ മാത്രമേ ഉത്പാദന മേഖലയും ശക്തിപ്പെടുകയുള്ളൂ. ജി.എസ്.ടി. വരുമാനവും ഉയരുകയുള്ളൂ. അതുകൊണ്ടു തന്നെ കൂടുതൽ വ്യാപാര സ്ഥാപനങ്ങളെ നിലനിർത്തേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും സർക്കാരിന്റെ ബാധ്യതയാണ്. ചില്ലറ വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ സംവിധാനം കേരളത്തിൽ ഇല്ല. വ്യവസായ വകുപ്പിൽ പുതുതായി രൂപീകരിക്കപ്പെടുന്ന വാണിജ്യ വിഭാഗം ഇനി ഈ മേഖലയുടെ പ്രോത്സാഹനം ഏറ്റെടുത്ത് നടത്തും.

**2. ലൈസൻസുകളും അവയുടെ പുതുക്കലും**

വ്യാപാര വ്യവസായ മേഖല അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം അവരുടെ ട്രേഡ് ലൈസൻസുകൾ നേടുക, പുതുക്കുക, എന്നുള്ളതാണ്. ഇക്കാര്യത്തിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നതിന് സർക്കാരിന് കഴിയും.

**3. എം.എസ്.എം.ഇ. ആനുകൂല്യങ്ങളും പലിശ സബ്സിഡിയും**

ഇപ്പോൾ തന്നെ വ്യാപാര സ്ഥാപനങ്ങൾക്ക് അവരെടുക്കുന്ന വായ്പയുടെ ആറ് ശതമാനം വാർഷിക പലിശ തിരികെ നൽകുന്ന സംവിധാനം നിലവിലുണ്ട്. ഇത്തരം കൂടുതൽ ആനുകൂല്യങ്ങൾ തുടർന്നും കൊണ്ടു വരാവുന്നതാണ്.

**4. ഇൻഷൂറൻസ് പരിരക്ഷ**

വ്യാപാര സ്ഥാപനങ്ങളുടെ ഇൻഷുറൻസ് പരിരക്ഷ വലിയ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. 2008 ലെ മഹാപ്രളയത്തിൽ ഇതിന്റെ ആവശ്യകത ശരിക്കും ബോധ്യപ്പെട്ടതാണ്. ചെറുകിട വ്യാപാരികൾ എടുക്കുന്ന ഇൻഷുറൻസുകൾക്ക് അവയുടെ പ്രീമിയത്തിന്റെ 50 ശതമാനം സബ്സിഡിയായി നൽകുന്ന ഒരു പദ്ധതി ഇപ്പോൾ തന്നെ സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്നുണ്ട്. ഈ പദ്ധതി ഒന്നൂകൂടി പരിഷ്കരിച്ച് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാവുന്നതാണ്.

**5. ഏകീകൃത പരിശോധന സംവിധാനങ്ങൾ**

സാധാരണ ചെറുകിട കച്ചവടക്കാർ അഭിമുഖികരിക്കുന്ന ഒരു വലിയ പ്രശ്നം ജി.എസ്.ടി. ലീഗൽ മെട്രോളജി, ഫുഡ് സേഫ്റ്റി, റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ പരിശോധനകളാണ്. പരിശോധന സംവിധാനങ്ങൾക്ക് ഏകീകൃത രീതി കൊണ്ടു വരാനും വ്യാപാരികൾക്ക് ആശ്വാസം പകരാനും കഴിയേണ്ടതാണ്. ഇത്തരത്തിലുള്ള സംവിധാനം പുതിയ വകുപ്പിന് കൊണ്ടു വരാൻ കഴിയും.

**6. പരിശീലന പരിപാടികൾ**

രാജ്യത്ത് വരുന്ന മാറ്റങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് വേണ്ട പരിശീലന പരിപാടികൾ സർക്കാർ തലത്തിൽ കൊണ്ടുവരാൻ കഴിയും. ജി.എസ്.ടി. പാക്കേജിങ്ങ്, ഫുഡ് സേഫ്റ്റി അങ്ങനെ നിരവധി വകുപ്പുകളുടെ സേവനങ്ങൾ ഏകോപിപ്പിച്ചു കൊണ്ടുള്ള പരിശീലന പരിപാടികൾക്കും പുതിയ വകുപ്പിന് രൂപം നൽകാനാകും.

**7. മികച്ച സാങ്കേതിക വിദ്യ**

വ്യാപാര രംഗത്ത് ചെലവ് കുറയ്ക്കുന്നതിനും ലാഭവിഹിതം വർദ്ധിപ്പിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം ഒഴിച്ചു കൂടാനാവാത്തതാണ്. മാറിയ സാഹചര്യത്തിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് പ്രോത്സാഹനം നൽകുവാൻ പുതിയ വകുപ്പിന് കഴിയും. തൊഴിലാളികളെ പരമാവധി

കുറയ്ക്കുന്നതിനും അതുവഴി ഉല്പാദന ചെലവ് കുറയ്ക്കുന്നതിനും ഉപകരിക്കുന്ന സാങ്കേതിക വിദ്യകൾ നടപ്പിലാക്കുവാൻ സർക്കാരിന് മുൻകൈയെടുക്കാനും അവ കുറഞ്ഞ ചിലവിൽ വ്യാപാരികൾക്ക് ലഭ്യമാക്കുവാനും സാധിക്കും.

**8. കയറ്റിറക്ക് ക്രമീകരണം**

വ്യാപാരികൾ അഭിമുഖീകരിക്കുന്ന വലിയ ഒരു പ്രശ്നം കയറ്റിറക്ക് തൊഴിലാളികളുടെ ഇടപെടലുകളാണ്. സർക്കാർ തലത്തിൽ തന്നെ ക്രിയാത്മകമായ ഒരു നിയന്ത്രണം കൊണ്ടു വരുന്നത് വ്യാപാര മേഖലയ്ക്ക് വലിയ ഗുണം ചെയ്യും. പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ ഒരു ഡാറ്റാബാങ്ക് ഉണ്ടാക്കുന്നതും ആവശ്യപ്രകാരം വ്യാപാരികൾക്ക് ലഭ്യമാക്കുന്നതും പുതിയ വകുപ്പിന് ചെയ്യാവുന്നതാണ്.

**9. ക്ലസ്റ്റർ വികസനം**

സമാന സ്വഭാവമുള്ള ചെറുകിട വ്യാപാരികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കും സമാനതകൾ ഉണ്ടാകും. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ക്ലസ്റ്റർ അധിഷ്ഠിതമായിട്ടുള്ള സമീപനം കൊണ്ടു വരുന്നതിന് മുൻകൈ എടുക്കുന്നതിന് വാണിജ്യ വകുപ്പിന് സാധിക്കും. നിലവിലുള്ള വ്യാപാര സ്ഥാപനങ്ങളിൽ വികസനം, വൈവിധ്യ വൽക്കരണം, ആധുനികവൽക്കരണം, എന്നിവ കൊണ്ടു വരുന്ന തിനുള്ള സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുന്ന ഏജൻസികളായി സർക്കാരിന്റെ വാണിജ്യ വകുപ്പിന് പ്രവർത്തിക്കാൻ കഴിയും.

ഓൺലൈൻ വ്യാപാരങ്ങൾ ചില്ലറ വ്യാപാരികൾക്ക് വലിയ വെല്ലുവിളി ഉണ്ടാക്കുന്നു. ക്ലസ്റ്റർ സമീപനത്തിലൂടെ ഇവർക്കും ഓൺലൈൻ വ്യാപാര സംവിധാനം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയും.

**10. ദേശീയ അന്തർദേശീയ പ്രദർശനങ്ങൾ**

വാണിജ്യ രംഗത്തെ പുതിയ പ്രവണതകൾ മനസ്സിലാക്കുന്നതിന് ദേശീയ അന്തർദേശീയ പ്രദർശന മേളകൾ സഹായിക്കും. ഇത് ചെലവ് കുറയ്ക്കാനും വ്യാപാര വരുമാനം വർദ്ധിപ്പിക്കാനും സഹായിക്കും. മാത്രമല്ല പുതിയ സാങ്കേതിക വിദ്യകൾ ലഭ്യമാക്കാനും അതുവഴി പുതിയ മേഖലകൾ തുറക്കാനും സഹായിക്കും.

ചില്ലറ വ്യാപാര മേഖല നേരിടുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കാനും ചർച്ച ചെയ്യാനും പുതിയ ഒരു വേദി കൂടി വ്യാപാരികൾക്ക് ലഭ്യമായിരിക്കുന്നു എന്നതാണ് പ്രധാനം. ■

**സംസ്ഥാന വ്യവസായ വകുപ്പ്
മുൻ ഡെപ്യൂട്ടി ഡയറക്ടർ
ആണ് ലേഖകൻ**




AMCOS
PAINTS
ആശ്വസിക്കാം
ആംകോസ്
ഓഡോലെസിനൊപ്പം
അസഹനീയമായ മണമില്ലാത്ത
ഇന്റീരിയർ എമൽഷൻ പെയിന്റ്.
ODOLESS
A GREEN CHOICE
ODOURLESS INTERIOR EMULSION
AMCOS
PAINTS
NO AMMONIA
LOW VOC
ശുദ്ധമായ നിറങ്ങളും
ശുദ്ധമായ വീടും
AMCOS XL PAINTS (INDIA) PVT. LTD. (An ISO 9001 - 2015 Certified Company) | For more details: +91 94960 96010

# ജില്ലാ വാർത്തകൾ




വ്യവസായ വാണിജ്യ വകുപ്പും കേരള സർക്കാരും സംയുക്തമായി സംഘടിപ്പിച്ച കേരള ബ്രാൻഡ് ലോഗോ പ്രകാശനത്തിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ പങ്കെടുത്ത് ആശംസാ പ്രസംഗം നടത്തുന്നു.




കെ.എസ്.എസ്.ഐ.എ. കണ്ണൂർ ജില്ല യുണിറ്റ് സംഘടിപ്പിച്ച വ്യവസായി സംഗമത്തിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ മുഖ്യപ്രഭാഷണം നടത്തുന്നു.




കെ.എസ്.എസ്.ഐ.എ. കണ്ണൂർ ജില്ല യുണിറ്റ് സംഘടിപ്പിച്ച വ്യവസായി സംഗമത്തിൽ സംസ്ഥാന ഭാരവാഹികളുടെ ആദരിക്കൽ ചടങ്ങിൽ എല്ലാ സംസ്ഥാന ഭാരവാഹികളും.




കെ.എസ്.എസ്.ഐ.എ. കണ്ണൂർ ജില്ല എം.എസ്.എം.ഇ. മീറ്റിൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ പങ്കെടുത്ത് സംസാരിക്കുന്നു.



കെ.എസ്.എസ്.ഐ.എ. പാലക്കാട് ജില്ലയുടെ ഓഫീസ് മന്ദിരത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ മുഖ്യപ്രഭാഷണം നടത്തുന്നു.



കെ.എസ്.എസ്.ഐ.എ. പാലക്കാട് ജില്ലയുടെ ഓഫീസ് മന്ദിരത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ.ജോസ് ആശംസാ പ്രസംഗം നടത്തുന്നു.

**LIMITED STALLS AVAILABLE**

Organizer

**KSSIA**
THE KERALA STATE SMALL INDUSTRIES ASSOCIATION

Supported by: MSME | DEPARTMENT OF INDUSTRIES & COMMERCE

In association with: METRO mart

Media Partner: METRO MEDIA | MACHINEMAKER

**INDIA INTERNATIONAL INDUSTRIAL EXPO**

# India International INDUSTRIAL EXPO

# IIIE 2024

*Your Gateway to a Comprehensive Industrial Showcase*





**2024 DECEMBER**

**13 14 15**

**KINFRA INTERNATIONAL EXHIBITION CUM CONVENTION CENTRE**

KOCHI | KERALA | INDIA

**Book Your Stall Now**

For more details | +91-9947733339
+91-9995139933
info@iiie.in

www.iiie.in

sidbi



# MSME GREEN INVESTMENT AND FINANCING FOR TRANSFORMATION SCHEME

(MSME-GIFT SCHEME)

A SUB-SCHEME UNDER

## Raising and Accelerating MSME Performance (RAMP)

### INTRODUCTION

Promotion and adoption of green technologies and clean energy sources in MSMEs is critical for making MSMEs in India sustainable. India has also committed to reducing emissions intensity by 45 percent by 2030, from the 2005 level to the United Nations Framework Convention on Climate Change (UNFCCC). India's existing Nationally Determined Contributions (NDC) includes the long-term goal of reaching net zero by 2070.

In order to address these challenges faced by MSMEs and fulfil the commitments made with respect to sustainability, the Ministry of MSME has launched sub scheme named MSME Green Investment Financing for Transformation (MSME GIFT) Scheme under the RAMP Programme. RAMP is a World Bank supported Central Sector Scheme aimed at improving access of MSMEs to credit, market, and technology.

The overall objective of the MSME GIFT Scheme is to provide support to the MSMEs in accessing institutional finance at a concessional rate for adopting clean/ green technologies and help them to transform into green and sustainable business operations.

### OBJECTIVES

- To promote the adoption of sustainable and eco-friendly practices and technologies and renewable energy sources.
- To provide concessional financial assistance to MSEs for investments in the adoption of green technologies and practices.
- To create awareness about the best practices, promote knowledge sharing and benefits of the adoption of green technologies and practices.

### COMPONENTS OF THE SCHEME

- The Scheme has components of Interest Subvention, Risk sharing and generating awareness.
- Interest subvention of 2% per annum, for period of 5 years, up to a term loan limit of INR 2 crores for Micro and Small enterprises.
- Risk sharing: Loans to MSEs up to INR 2 crore would be covered under this component. Rs 120 crores will be used to provide credit guarantee to the participating MLIs (75% of guaranteed coverage for eligible loans).

### ELIGIBILITY AND COVERAGE OF THE SCHEME

- MSME registered under the Udyam Registration portal are eligible.
- Member Lending Institution (MLIs): Scheduled commercial bank/ All India Financial Institution including SIDBI, Small Finance Banks/ Micro Finance Institutions/ Non-Banking Finance Companies can become a Member Lending Institution (MLI).

### SCHEME DURATION

- 3 years (FY 2023-24 to 2025-26)

### IMPLEMENTING PARTNERS

- Implementing Agency – Small Industries Development Bank of India (SIDBI).
- All Scheduled Commercial Banks, All India Financial Institutions, Small Finance Banks, and Non-Banking Financial Companies (NBFCs), Micro Finance Institutions (MFIs) are eligible to participate in the Scheme, after signing a Memorandum of Understanding (MoU) with SIDBI.

### SECTORS COVERED

Indicative list of the sectors covered

- Resource Efficiency, Waste Management
- Adaptation (water management, water efficiency, wastewater treatment)
- Green Buildings
- Environmental Protection (pollution control & prevention)
- Clean Transportation (electric, hybrid, EV charging stations)
- Waste Management (Compressed Biogas, [illegible])
- [illegible] Carbon Capture and Storage
- Any transformative project with potential for a high impact on climate upon necessary approval

### EXPECTED IMPACT

- It would benefit about [illegible] MSMEs and will lead to annual energy savings of [illegible] and an annual saving of around Rs. [illegible] crores to MSMEs.
- It would help [illegible] annual reductions yielding an estimated social cost of carbon of Rs. [illegible] crores.

Please visit our website www.msme.gov.in/ for more details.

GOVERNMENT OF INDIA
MINISTRY OF MICRO, SMALL & MEDIUM ENTERPRISES

25th March 2024, Kalamassery
Regn. No. KERBIL/2005/23143

KSSIA NEWS

Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Licensed to Post without Pre-payment KL/CR/EKM/WPP-3/2023-25

Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.